
ഉൽക്കയിടി
2020 ഒക്ടോബർ 16
കുട്ടികളുടെ ശാസ്ത്രദ്വൈവാരിക

ഇന്ത്യൻ ഭാഷകളിൽ ഏറ്റവും കൂടുതൽ കുട്ടികൾ വായിക്കുന്ന ശാസ്ത്രപ്രസിദ്ധീകരണം

വില : ₹ 17.00

# യുറീക്ക



പദപ്രശ്നം പൂരിപ്പിച്ച് പേരും വിലാസവും എഴുതിയശേഷം ഫോട്ടോ എടുത്ത് ടെലഗ്രാം / വാട്സപ്പ് അയയ്ക്കുക (ഏതെങ്കിലും ഒന്നിലയച്ചാൽ മതി).

: 9497172919

## 5 പേർക്ക് സമ്മാനങ്ങൾ...

**പദപ്രശ്നം കിട്ടേണ്ട അവസാന തീയ്യതി :**
**ഒക്ടോബർ 30, 2020**




നിർദേശിക്കുന്ന നമ്പറിലേക്ക് അയയ്ക്കുന്ന ഉത്തരങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

### വലത്തോട്ട്

1. കേരളത്തിന് രണ്ട് മഴക്കാലമുണ്ട്. ഒന്ന് ഇടവപ്പാതിയാണ്. അടുത്തതോ?
3. മെല്ലെ നടക്കുക (വെറുതെ മുറ്റത്തൂടെയോ വഴിയിലൂടെയോ)
5. തകഴിയുടെ പ്രശസ്തമായ നോവൽ.
6. ഇതു മുറിച്ചാൽ കോവിഡിനൊരു പ്രതിരോധമാ.


### താഴോട്ട്

1. ഒരു സംഗീതോപകരണം.
2. മലയാളത്തിലെ ഒരു കവി ഈ സ്ഥലനാമത്തിലാണ് അറിയപ്പെടുന്നത്.
3. മുകളിലോട്ടുള്ള അളവ്.
4. മരപ്പട്ടി എന്ന ജന്തുവിന് ഈ പേരുണ്ട്.

തയ്യാറാക്കിയത് : **ജന**

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

11/ 2020




ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

പേര് : ............................................................

ക്ലാസ് :............................................................

വീട്ടുവിലാസം :........................................

............................................................................

പോസ്റ്റ് :........................................................

ജില്ല :............................................................

ഫോൺ :........................................................

ഇത്രയും ഭാഗം ഫോട്ടോ എടുക്കുക

# യുറീക്ക
കുട്ടികളുടെ ശാസ്ത്ര ദ്വൈവാരിക

1970– ൽ പ്രസിദ്ധീകരണം ആരംഭിച്ചത്

2020
ഒക്ടോബർ 16
വാല്യം: 42
ലക്കം: 10

സന്ദർശിക്കുക :
www.eurekafortnightly.com
www.facebook.com/
EurekaFortnightly

കത്തുകളും രചനകളും അയയ്ക്കേണ്ട
വിലാസം: എഡിറ്റർ, യുറീക്ക, ചാലപ്പുറം,
കോഴിക്കോട് – 673 002.
e-mail: eurekakssp@gmail.com

ഓൺലൈനിൽ വായിക്കാൻ
www.magzter.com
www.readwhere.com


## ലേഖനങ്ങൾ


6. ഉൽക്കയിടി :
പി.കെ.സുധി

12. പുഴയരികിലെ നീർമരുത് :
ഷൈല സി ജോർജ്

16. മുകളിലോ ഉള്ളിലോ?:
അനുരാഗ് എടച്ചേരി

28. ശക്തിയുടെ കവിയെ
പരിചയപ്പെട്ടാലോ?:
ലിജിഷ എ.ടി

32. ജലതന്മാത്രകൾ പരസ്പരം
കൂടിച്ചേരുന്നതെങ്ങനെ?:
പുനഃ ഡോ.സംഗീത ചേനംപുല്ലി

11. വേര് :
രാജഗോപാൽ നാട്ടുകൽ

20. ഒരു സൂക്ഷ്മജീവി
മനുഷ്യനോട് പറയുന്നത് :
ഇ.ജിനൻ


## നോവൽ


30. ഭൂമിയിലെ
നക്ഷത്രങ്ങൾ :
പ്രേമജ ഹരീന്ദ്രൻ


## കഥ


10. മഴത്തുള്ളിയുടെ യാത്ര :
ശാന്തിദേവി കെ.ആർ

17. പുറകെ
നടക്കുകയാണല്ലേ;
ഈ അമ്പിളിമാമൻ:
ശ്യാമിലി നാരായണൻ

18. നട്ട് :
വിനീഷ് കളത്തറ


## കവിത


8. അപ്പുറമിപ്പുറം
ഒത്തിരിയൊത്തിരി :
പി.കെ.ഗോപി





കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
പ്രസിദ്ധീകരണം

## പംക്തികൾ


2. പദപ്രശ്നം
22. കാഴ്ചപ്പുറം
24. ഞാറ്റടി
34. യു.മെയിൽ
37. പീക്കിരി.ഇൻ
42. ഓരോരോന്നോരോന്ന്


## കവർ

സചീന്ദ്രൻ കാറഡുക്ക

അറിവ് ആഹ്ലാദമാക്കിയ അമ്പത് വർഷങ്ങൾ


വാർഷിക വരിസംഖ്യ : 300 രൂ.
ഒറ്റപ്രതി : 17 രൂ.
ഓൺലൈനായി പണമടയ്ക്കാൻ
www.ksspublications.com

ഡി.ഡി/എം.ഒ. ആണെങ്കിൽ



**മാനേജിങ് എഡിറ്റർ, യുറീക്ക, ചാലപ്പുറം, കോഴിക്കോട്-673002.**
e-mail: ksspmagazine@gmail.com,
Ph: 0495 2701919.



**പത്രാധിപസമിതി :**

സി എം മുരളീധരൻ (എഡിറ്റർ),
എം ദിവാകരൻ (മാനേജിങ് എഡിറ്റർ),
അനിത സി കെ (അസോ. എഡിറ്റർ), ഷിനോജ് രാജ് (എഡി. അസിസ്റ്റന്റ്), പ്രൊഫ.കെ.പാപ്പൂട്ടി, ജനു, ഇ.എൻ.ഷീജ, മൈന ഉമൈബാൻ, ഇ.രാജൻ, ഇ.ജിനൻ, മഞ്ജു പി എൻ, സിന്ധു എൻ പി, പി.കെ.സുധി, ഡോ.കെ.കിഷോർ കുമാർ, എം.ഗീതാഞ്ജലി, ഷൈല സി ജോർജ്.

ലേ-ഔട്ട്: ഷിനോജ് രാജ്,
ഗ്രാഫിക്സ് : റനീഷ് കെ.പി.


# മുഖക്കുറി

നിമിഷ

27 SEPTEMBER 2020

ഹായ് യുറീക്കാമാമാ, ഞാൻ നിമിഷയാണ്. ഇടുക്കിയിൽ നിന്ന്.. 😍 10:01 am

ഹായ് നിമിഷാ, എന്തുണ്ട് വിശേഷം. സുഖമല്ലേ? 😊 10:02 am

അതെയതേ. എല്ലാവരും സുഖമായിരിക്കുന്നു. മാമാ ഒരു കാര്യം ചോദിക്കട്ടെ. 10:02 am

ചോദിച്ചോളൂ... എന്തിനാണ് മടിക്കുന്നത്? 10:02 am

അത് പിന്നെ... ഈ പോളിയോ വാക്സിൻ അപകടകാരിയാണോ മാമാ? 10:03 am

അല്ലല്ലോ, എന്തേ ഇപ്പോൾ അങ്ങനെ തോന്നാൻ? 10:03 am

ഒരു ഗ്രൂപ്പില് വന്ന മെസേജാണേ.. ഒക്ടോബർ 24 പോളിയോ ദിനമാണെന്ന് പറഞ്ഞ് ഒരു ചേച്ചി മെസേജിട്ടപ്പോ, കൊറേ ആൾക്കാര് ഒന്നിച്ച് ആ ചേച്ചിനെ ചീത്ത വിളിച്ചു. 10:05 am

🤔 അതെന്തിനാ ആ ചേച്ചിനെ ചീത്ത വിളിക്കുന്നത്! 10:06 am

അത്... പോളിയോ വാക്സിൻ ആളുകളെ പറ്റിക്കാനുള്ള ഇടപാടാണ്. അത് കൊടുത്ത കൊറേ കുട്ടികൾക്ക് പോളിയോ വന്നു. അമേരിക്കൻ തന്ത്രമാണ്. ഇവിടെള്ളോരെ രോഗികളാക്കാൻ വേണ്ടീട്ടാണ് ന്നൊക്കെ. പിന്നെ ചെലര് പറഞ്ഞു അത് ഞങ്ങടെ മതത്തിനെതിരാണ് ന്നൊക്കെ.. ആകെ ബഹളം! 10:10 am

എന്നിട്ട് നിമിഷ എന്തു പറഞ്ഞു? 10:11 am

ഞാൻ യുറീക്കാമാമനോട് ചോദിച്ചിട്ട് മറുപടി ഇടാം ന്നു വിചാരിച്ചു. 10:11 am

ഓ അതുശരി... നിമിഷ പോളിയോ ബാധിച്ച ആളുകളെ കണ്ടിട്ടുണ്ടല്ലോ, അല്ലേ? 10:12 am

# വേണം വാക്സിനുകൾ; ജീവൻ രക്ഷിക്കാൻ

ഓ. ഒരാളെ കണ്ടിട്ടുണ്ട്. കാലൊക്കെ ശോഷിച്ച്.... ക്രച്ചസ് കുത്തി മെല്ല മെല്ലെ പോണത് കണ്ടിട്ടുണ്ട്. 10:13 am

നിമിഷക്കറിയോ, ഒരു തരം വൈറസ് ബാധയാൽ ഉണ്ടാകുന്ന രോഗമാണ് പോളിയോ. പോളിയോമെലിറ്റസ് എന്നും ഇൻഫന്റൈൽ പരാലിസിസ് എന്നുമൊക്കെയാണ് ശാസ്ത്ര ലോകം ഇതിനെ വിളിക്കുന്നത്. രോഗിയുടെ വിസർജ്യത്തിലൂടെ പുറത്തെത്തുന്ന വൈറസ് കുടിവെള്ളം, ഭക്ഷണം മുതലായ വയിലൂടെയാണ് മറ്റൊരു വ്യക്തിയിലേക്ക് പകരുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലത്തുപോലും പോളിയോ വലിയൊരു പ്രശ്നമായിരുന്നു. എത്രയെത്ര ആളുകളാണെന്നോ പോളിയോ മൂലം ബുദ്ധിമുട്ടിയത്. എന്തിന് 1988 ൽ പോലും ലോകത്ത് 3500000 പോളിയോ രോഗികളുണ്ടായിരുന്നു എന്നാണ് കണക്ക് പറയുന്നത്. 10:16 am

മുപ്പത്തിയഞ്ച് ലക്ഷമോ, അയ്യോ... 10:18 am

അതായിരുന്നു സ്ഥിതി. എന്നാൽ നിമിഷക്കറിയോ 2018 ൽ 33 പേർക്കാണ് ലോകത്താകെ പോളിയോ റിപ്പോർട്ട് ചെയ്തത്. 10:20 am

ശരിക്കും? മാമാ... മാമൻ പുളുവടിക്കുകയാണോ? 10:21 am

ലോകാരോഗ്യ സംഘടനയുടെ കണക്കാണ് നിമിഷക്കുട്ട്യേ... ഇതെങ്ങനെയാണ് സാധിച്ചതെന്നറിയോ? വാക്സിൻ കൊണ്ട് പ്രതിരോധിച്ചതാണ്. 1955 ലാണ് ആദ്യമായി പോളിയോ വാക്സിൻ ഉണ്ടാക്കിയത്. ജോനസ് സാൽക്ക് എന്നയാളാണ് അത് കണ്ടുപിടിച്ചത്. നമ്മൾ ഇപ്പോൾ കുട്ടികൾക്ക് കൊടുക്കുന്ന പോളിയോ തുള്ളിമരുന്നില്ലേ, അത് 1961 ലാണ്

ഉണ്ടാവുന്നത്. വൈറോളജിസ്റ്റായ ആൽബർട്ട് സാബിൻ ആണ് അത് കണ്ടെത്തിയത്. 10:25 am

ഗംഭീരം. പത്തറുപത് കൊല്ലം കൊണ്ട് ഒരസുഖത്തെ ലോകത്ത് നിന്ന് തീരെ ഇല്ലാതാക്കി അല്ലേ! 10:26 am




10:26 am

തീരെ ഇല്ലാതായീന്ന് പറയാറായിട്ടില്ല. കുറച്ചുകൂടി നമുക്ക് മുന്നേറാനുണ്ട്. പക്ഷേ, അതിനെ പരാജയപ്പെടുത്താനാണ് ചിലര് മെനക്കെടുന്നത്, ട്ടോ നിമിഷക്കുട്ടീ. നമുക്കതിനെ തോൽപ്പിക്കണം.. 10:28 am

തീർച്ചയായും മാമാ. അതിന് നമ്മളെന്താ ചെയ്യാ? 10:29 am

നമ്മള് വാക്സിനെടുക്കുന്നതു കൊണ്ടുള്ള ഗുണങ്ങൾ ആളുകളെ പറഞ്ഞ് മനസ്സിലാക്കിക്കണം. തെറ്റായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതു കാണുമ്പോ, അത് തെറ്റാണെന്ന് എല്ലാരോടും പറയണം. ഇപ്പോ തന്നെ കോവിഡിന് ഒരു വാക്സിൻ കണ്ടുപിടിക്കാൻ കഴിഞ്ഞാൽ എത്ര ആളുകളാ രക്ഷപ്പെട്വാന്ന് ആലോചിച്ച് നോക്കു. 10:32 am

ഞാൻ റെഡിയാ മാമാ.. ഞാനെന്റെ കൂട്ടുകാരോടും പറയും. എല്ലാരോടും ഇക്കാര്യം പറയണംന്ന്. ഓ കേ... ടാറ്റാ... 10:33 am



10:33 am

Type a message

യുറീക്കാമാമൻ

# ഉൽക്കയടി



**പി കെ സുധി**

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



സർ ഐസക്ക് ന്യൂട്ടന്റെ തലയിൽ ആപ്പിൾ വീണ കഥയറിയാത്തവരില്ല. ന്യൂട്ടനങ്ങ് പ്രശസ്തനായി. അതുമാതിരിയായിരുന്നു ആൻ ഹോഡ്ജസിന്റെ കാര്യത്തിലുമുണ്ടായത്. ആനിന്റെ ഇടുപ്പിൽ വന്നുവീണത് ചക്കയും മാങ്ങയുമൊന്നുമായിരുന്നില്ല. ശൂന്യാകാശത്തിൽ നിന്നും വന്ന ഉൽക്കയായിരുന്നു. ന്യൂട്ടന്റെ മാതിരി ഇതു കഥയുമല്ല.

ആൻ വെറും സാധാരണക്കാരിയായിരുന്നു. അവരൊന്നും കണ്ടുപിടിച്ചുമില്ല. ന്യൂട്ടനെപ്പോലെ അങ്ങനെയങ്ങ് പ്രശസ്തയായതുമില്ല. ലോകത്തിലാദ്യമായി ഉൽക്കവീണത് ആനിന്റെ ശരീരത്തിലായിരുന്നു എന്ന റെക്കോഡിന് ഉടമയായി എന്നതുമാത്രം മിച്ചം. ബാക്കി കാര്യങ്ങളെല്ലാം അതീവ കഷ്ടത്തിലായി.

സംഭവം വളരെ രസകരമാണ്. അമേരിക്കയിലെ അലബാമയിലെ ഒരു ചെറിയ വാടകവീട്ടിലായിരുന്നു ഭർത്താവും അമ്മയുമായി മുപ്പത്തിരണ്ടുകാരിയായ ആൻ താമസിച്ചിരുന്നത്. ആയിരത്തി തൊള്ളായിരത്തി അമ്പത്തിനാല് നവംബർ മാസാന്ത്യത്തിലെ ഒരുച്ച നേരത്ത് ആൻ ഒന്നു മയങ്ങാൻ കിടന്നു. കണ്ണുകൾ അടയുന്നതേയുണ്ടായിരുന്നുള്ളു. വീടിന്റെ മേൽക്കൂരയും പൊളിച്ച് മാനത്തുനിന്നും ആ സാധനം വന്നിടിച്ചത് ആനിന്റെ ഇടതു ഇടുപ്പിലായിരുന്നു. ചതവും ചൂടും. വന്നു വീണ കല്ലുപോലെ കറുത്ത സാധനത്തിൽ തൊട്ടപ്പോൾ കൈയും പൊള്ളി. മുകളിലേയ്ക്ക് നോക്കുമ്പോൾ കൂരയും പൊളിഞ്ഞിരിക്കുന്നു. ആൻ ആകെ

**ഉൽക്കയിടിച്ച ഈ ലോകത്തിലെ ആദ്യവനിതയായി ആൻ. ദൈവം എനിക്ക് ആകാശത്തു നിന്നും ഇട്ടുതന്ന വസ്തുവാണ് അത്. ആൻ പത്രക്കാരോട് വീമ്പടിച്ചു.**





വിരണ്ടുപോയി.

അമേരിക്ക അക്കാലത്ത് സോവിയറ്റ്‌യൂണിയനുമായി ശീതയുദ്ധത്തിലായിരുന്നു. ചാരവിമാനത്തിൽ നിന്നും ശത്രുവിന്റെ ബോംബ് വീണതാണ് എന്നൊക്കെ പറഞ്ഞ് കാര്യമങ്ങ് മൂത്തു. വീട്ടിനു ചുറ്റിലും ആളങ്ങ് കൂടി. പോലീസും എയർഫോഴ്സുമൊക്കെ പാഞ്ഞെത്തി രംഗം കൊഴുപ്പിച്ചു. പരിക്കേറ്റ ആൻ ആശുപത്രിയിലായി. മൂന്നര കിലോഗ്രാം ഭാരമുള്ള വസ്തു ഉൽക്ക തന്നെയെന്ന് ഒടുവിൽ സ്ഥിരീകരിക്കപ്പെട്ടു.

ദിവസങ്ങൾക്കുള്ളിൽ ആൻ പ്രശസ്തയായി. ഉൽക്കയിടിച്ച ഈ ലോകത്തിലെ ആദ്യവനിതയായ ആനിനെ ടി വി ക്കാരും പത്രക്കാരും വളഞ്ഞു. ദൈവം എനിക്ക് ആകാശത്തു നിന്നും ഇട്ടുതന്ന വസ്തുവാണ് അത്, എന്നൊക്കെ ആൻ പത്രക്കാരോട് വീമ്പടിച്ചു. ഒപ്പം മറ്റൊരു പുലിവാലുമുണ്ടായി. തന്റെ വീടിനു മുകളിൽ പതിച്ച വസ്തു തനിക്കവകാശപ്പെട്ടതാണ് എന്ന വാദവും കേസും വക്കീലുമായി വീട്ടുടമയെത്തി. ആകപ്പാടെ കലിപ്പ് തന്നെ. ആൻ വിട്ടുകൊടുത്തില്ല. ഒടുവിൽ തനിക്ക് കൂടുതൽ വിലയ്ക്ക് ഈ അപൂർവ വസ്തുവിനെ മറിച്ചു വിൽക്കാമെന്ന ധാരണയോടെ ഉൽക്കക്കഷണത്തിന് അഞ്ഞൂറു ഡോളർ വീട്ടുടമയ്ക്ക് നൽകി കേസ് അവസാനിപ്പിച്ചു.

സംഗതിക്ക് വച്ചടി കയറ്റമുണ്ടായില്ല. നമ്മുടെ നാട്ടിലേതു പോലെ പുതിയ ചൂടൻ കാര്യങ്ങൾ വന്നപ്പോൾ ടി വി ക്കാർ ആനിനെ കൈവിട്ടു. പത്രക്കാരും ആ വഴിക്ക് വരാതെയായി. ഉൽക്കയെ വലിയ വിലയ്ക്ക് വിൽക്കാമെന്ന ആശയും അറ്റു. ആൻ നിരാശയിൽപ്പെട്ടു. വൈകാതെ ഡിപ്രഷനും അവളെ പിടികൂടി. വീട്ടിലും സ്വൈരക്കേട് തുടങ്ങി. പുറത്തിറങ്ങറിയാൽ നാട്ടുകാരുടെ വകയായ കളിയാക്കലുകൾ. തൊന്തരവു മാത്രം സമ്മാനിച്ച ഉൽക്കയെ അലബാമ നാഷണൽ ഹിസ്റ്ററി മ്യൂസിയത്തിനു ആൻ കൈമാറി. രോഗബാധിതയായി ആൻ ഹോഡ്ജസ് വൈകാതെ മരിച്ചു.

ഉൽക്കയാണ് വീണത്. എന്നിട്ടും ആനിന്റെ 'തലവര' തെളിഞ്ഞില്ല എന്നു ചുരുക്കം. എങ്കിലും ഉൽക്കയിടിച്ച വനിതയെന്ന നിലയിൽ അവർ പ്രശസ്തയാണ്.

ചിത്രം കടപ്പാട്: nationalgeographic.com




പി.കെ.ഗോപി

ചിത്രീകരണം: സൂരജ് കക്കറയിൽ


# അപ്പുറമിപ്പുറം ഒത്തിരിയൊത്തിരി



എപ്പൊഴും പുസ്തകത്താളിനുള്ളിൽ
അക്ഷരം നിർമിച്ച ലോകമുണ്ട്
അപ്പുറത്തായിരം ജീവിതങ്ങൾ
ദൃശ്യപ്പെടാത്തതായേറെയുണ്ട്!

അൽപകാലം പുറത്തെന്റെ കൂടെ
നിർഭയം പോരണം കൂട്ടുകാരേ,
വിസ്മയക്കാഴ്ചയിൽ മുങ്ങി മുങ്ങി
വിസ്തരിച്ചോരോന്നു കണ്ടു പോരാം.

--------

എത്ര മലർക്കൊടിക്കാവ് കണ്ടു
എത്ര വയൽക്കതിർക്കറ്റ കണ്ടു
എത്ര പുഴച്ചിരിപ്പീലി കണ്ടു
എത്ര കടൽത്തിരക്കോള് കണ്ടു..?

എത്ര മണൽത്തരിക്കൂട്ട കണ്ടു
എത്ര കണിച്ചില്ല പൂത്തുകണ്ടു
എത്ര വെയിൽപ്പടം ചേർത്തു കണ്ടു
എത്ര മുകിൽക്കുടം പെയ്തു കണ്ടു...?

എത്ര കിനാവുകളോർത്തു കണ്ടു
എത്ര നിലാവിനെ ചേർത്തു കണ്ടു
എത്ര ചെരാതിന്റെ രശ്മി കണ്ടു
എത്ര കിലുങ്ങും ചിലങ്ക കണ്ടു...?

എത്ര സായന്തനച്ചാന്തു കണ്ടു
എത്ര സൂര്യോദയ കാന്തി കണ്ടു
എത്ര നീലാംബരച്ചേല കണ്ടു
എത്ര നിശാഗന്ധി പൂത്തു കണ്ടു...?

എത്ര പുരാവൃത്ത രേഖ കണ്ടു
എത്ര നാരായക്കുറിപ്പു കണ്ടു
എത്ര വഴിപ്പാദമുദ്ര കണ്ടു
എത്ര മൊഴിത്താളഭംഗി കണ്ടു?

എത്രയിരുൾപെറ്റ ക്രൂര കണ്ടു
എത്ര വിശാലമാം മേട കണ്ടു
എത്ര ദരിദ്രക്കിതപ്പു കണ്ടു
എത്ര സുഭിക്ഷക്കുതിപ്പു കണ്ടു...?

എത്ര ദൂരങ്ങളടുത്തു കണ്ടു
എത്രയടുപ്പങ്ങളാസ്വദിച്ചു
എത്ര മിഴിക്കോണിലഗ്നി കണ്ടു
എത്ര വഴിപ്പൂവിൽ ശാന്തി കണ്ടു...?
------
ഇത്തിരിയോളമേ കണ്ടതുള്ളൂ
അപ്പൊഴേയുള്ളം പിടഞ്ഞുപോയി!
ഒത്തിരിയൊത്തിരിക്കണ്ണുവേണം
ഇപ്പുറമപ്പുറം ചിന്ത വേണം!!



കവിയുടെ ശബ്ദത്തിൽ
കവിത കേൾക്കാൻ
ക്യൂ ആർ കോഡ്
സ്കാൻ ചെയ്യുക.




# മഴത്തുള്ളിയുടെ യാത്ര



## ശാന്തി ദേവി കെ. ആർ

ചിത്രീകരണം: സചീന്ദ്രൻ കാറഡുക്ക



വെള്ളത്തുള്ളിക്ക് ഭൂമിക്കടിയിൽനിന്ന് പുറത്തുകടക്കാൻ കൊതിയായി. ഇവിടെ എത്തിയിട്ട് ഒരുപാട് നാളായി.

മാസങ്ങൾ... വർഷങ്ങൾ...

ഓർമിക്കാൻ കഴിയുന്നില്ല. നെല്ല് വിളഞ്ഞിരുന്ന പാടത്തെ മണ്ണിലൂടെ കിനിഞ്ഞിറങ്ങിയത് ഓർക്കുന്നു. എത്ര കൂട്ടുകാരായിരുന്നു ഒപ്പം വന്നത്!

ഭൂമിയിലെ ഒരു വിശേഷവുമറിയാതെ.

കൂടെ വന്നവരെല്ലാം പലപ്പോഴായി പുറേത്തേക്ക് ഒഴുകി.

ഹൊ... ചൂടാവുന്നേ!

കുഴിക്കുന്നോ...

ഹാവൂ, പുതിയ ഉറവുചാലുകൾ!

വെള്ളത്തുള്ളി ഉറവുചാലിലൂടെ വേഗത്തിൽ പുറത്തേക്ക് ഒഴുകി.

ഓ... ഇതൊരു കിണറാണല്ലോ?

മുകളിൽ ആകാശം കാണാം. എന്നാലും... തടവിലിട്ടതുപോലെ.

കിണറിൽനിന്ന് പുറത്തുകടക്കാൻ അധികം കാത്തിരിക്കേണ്ടിവന്നില്ല.

ഹൊ... ന്തൊരു ശക്തീലാ വലിക്കുന്നത്. പൈപ്പിലൂടെ വന്നു വീണത് ഒരു പാത്രത്തിലേക്കായിരുന്നു. സോപ്പുപൊടിയുടെ മണമുള്ള തുണിയിലേക്ക് പറ്റിപ്പിടിച്ചു.

തുണി അയയിലിടാൻ കുടഞ്ഞതും തെറിച്ച് ദൂരേക്ക്. താഴെ വീണില്ല. ഭാഗ്യം.

ചുട്ടുപൊള്ളുന്നല്ലോ, ന്താത്? ന്റെ രൂപം മാറുന്നോ! നീരാവിയായ് ഉയരത്തിലേക്ക്... കാറ്റിനൊപ്പം പറന്ന് പറന്ന്... കടലിനു മുകളിലേക്ക്!

ഒറ്റക്കാവുന്ന് പേട്യാര്ന്ന്. ഒത്തിരി... ഒത്തിരി നീരാവിക്കുട്ടികൾ... കടലിനു മുകളിലൂടെ കാറ്റിൽ ഉലഞ്ഞാടി... ഒന്നിച്ചു കൂട്യാ പേട്യാവൂലല്ലോ?

നീരാവിക്കുട്ടികൾ ഒന്നിച്ചുകൂടാൻ തുടങ്ങി. ഒന്നിച്ചവർ കറുത്ത് കാർമേഘമായി.

താഴേക്കു നോക്കിയ കറുത്തേ മേഘങ്ങൾക്ക് സങ്കടമായി. ഒരിറ്റു വെള്ളത്തി

# വേര്

## രാജഗോപാലൻ നാട്ടുകൽ



ചിത്രീകരണം: സൂരജ് കക്കറയിൽ



മലരിനും വേരുണ്ട്
മധുപനും വേരുണ്ട്
മകരക്കുളിരിനും വേരുണ്ട്.

പുലരിത്തുടുപ്പിനും
പുഴനീരൊഴുക്കിനും
പുഴുവിനും നേർത്തോരു വേരുണ്ട്.
മഴവില്ലു പൂക്കുന്ന
വിരിവിണ്ണിനും, മണ്ണ–
തരികൾക്കും നീളുന്ന വേരുണ്ട്.

ഇവിടെയൊരു പമ്പരം
അഴകോടെ തിരിയുന്നു,
അതിനുമൊരു വേരുണ്ട്, പേരൊന്ന്:
ആകാശച്ചിറകിന്ന്
കീഴോട്ടു കീഴോട്ട്
മഴനൂലായ് വളരുന്ന വേരാണ്!

✷

നായ് കാത്തിരിക്കുന്നവർ. ചെടികളെല്ലാം ഉണങ്ങി തുടങ്ങിയിരിക്കുന്നു.

'ബ്ടെ മഴയായ് പെയ്തിറങ്ങാം. കാർമേഘം സന്തോഷിച്ചു.

വീശിയ കാറ്റിൽ പറന്നുയരുമ്പോൾ താഴെ കാത്തിരിക്കുന്നവരെ ഓർത്ത് അവരുടെ കണ്ണു നിറഞ്ഞു. ഇടയിൽ ഒന്നുരണ്ടു തുള്ളികൾ താഴേക്കു പതിച്ചു.

കുന്നിനു മുകളിലെത്തിയ മേഘങ്ങളെ മരങ്ങൾ ഉലയുന്ന ശിഖരങ്ങളിലൂടെ സ്വീകരിച്ചു.

പലയിടങ്ങളിൽ നിന്നെത്തിയ കരിമേഘങ്ങൾ തുള്ളി തുള്ളിയായി താഴേക്കു പതിക്കാൻ തുടങ്ങി.

ഒന്നിച്ചു താഴേക്കു വന്നപ്പോൾ വെള്ളത്തുള്ളിക്ക് ആശ്വാസമായി. ഭൂമിയുടെ ദാഹമകറ്റാൻ തനിക്കു കഴിയും. കൂടെയുള്ള തുള്ളികളെ കൂട്ടുപിടിച്ച് ഇലകളിൽ തട്ടി... മരത്തിലൂടെ ഒഴുകി. കൊച്ചു കൊച്ചു നീർച്ചാലുകളായി കാട്ടരുവിയിലേക്ക്. നുരയും പതയുമായി മുന്നേറുമ്പോൾ ന്താത്, വല്ലാത്തൊരു ശക്തി തന്നെ. കുസൃതിയോടെ മരച്ചില്ലകളൊടിച്ച് പുഴയിലേക്ക്. ഒന്നു നിൽക്കാൻ കഴിഞ്ഞെങ്കിൽ... ഹൊ... എന്തൊരു ശക്തി...

മഴത്തുള്ളി കൂട്ടുകാരോടൊപ്പം വയലുകൾ തേടി അലഞ്ഞു. ഭൂമിക്കടിയിലേക്കൊന്നാഴ്ന്നിറങ്ങാൻ, ഒന്നിനും കഴിയുന്നില്ലല്ലോ?

മതിലിടിച്ച് ഭിത്തിയിൽ തട്ടി എങ്ങോട്ടെന്നില്ലാതെ പായുമ്പോൾ ഉപ്പുരസമുള്ള ഒരു തുള്ളി. ഒരു കണ്ണീർ തുള്ളി.

ഒന്നു കടലിലെത്താൻ കഴിഞ്ഞെങ്കിൽ...

✷

# പുഴയരികിലെ നീർമരുത്



**ഷൈല സി ജോർജ്**

ചിത്രീകരണം: കെ.സതീഷ്



പുഴയരികിലെ നീർമരുത് പൂത്തു. പൂത്തുലഞ്ഞു. അത് കണ്ടപ്പോൾ എനിക്കുണ്ടായ വികാരവിചാരങ്ങൾ കുറിച്ചിടണമെന്ന് കലശലായ മോഹം തോന്നി. ഉടനെ നോട്ട്ബുക്ക് എടുത്തു. തീയതി വെടിപ്പായി എഴുതി.

എന്നിട്ട്?

എന്നിട്ടൊന്നുമില്ല. ഒന്നുമെഴുതാൻ കഴിയുന്നില്ല എന്ന് പറഞ്ഞാൽ മതിയല്ലോ. ഒരു അക്ഷരം പോലും പുറത്തേക്ക് വരുന്നില്ല. പുഴയെപ്പറ്റി, നീർമരുതിനെപ്പറ്റി കരുതി വെച്ച വാക്കുകൾ എവിടെയോ പോയൊളിച്ചു. പേന മാറ്റി പെൻസിൽ എടുത്തിട്ടും പെൻസിലിന്റെ അറ്റം കടിച്ച് ചതച്ചിട്ടും ഒരു കാര്യവുമുണ്ടായില്ല. അപ്പോൾ ബുക്ക് അടച്ചുവെച്ച് ഞാൻ പുഴയോരത്ത് ചെന്നുനിന്നു. പതിവിന് വിപരീതമായി മണൽവാരാൻ വരുന്ന തോണികൾ ഒരുപാടുണ്ടായിരുന്നു.

മണൽ വാരുന്നത് പുഴയ്ക്ക് അപകടമാണെന്ന് എല്ലാവർക്കും അറിയാം. അറിഞ്ഞിട്ടും എന്താണിങ്ങനെ? പുഴയ്ക്ക് ജീവനുണ്ടെങ്കിൽ, അരുതേ എന്നത് കേഴുമായിരുന്നു.

തീയതി മാത്രം എഴുതിവെച്ച ബുക്ക് വീണ്ടും എടുക്കേണ്ടി വന്നിരിക്കുകയാണ്. ഞങ്ങളുടെ ഗ്രാമത്തിൽ പുതിയതായി എന്തോ നടക്കുന്നു. നീർമാതളം പൂത്തപോലെ സന്തോഷം തരുന്ന കാര്യങ്ങൾ ഒന്നുമില്ല. അതുകൊണ്ട് തന്നെ പുതിയ സംഭവങ്ങളുടെ നാൾവഴികൾ എഴുതി വയ്ക്കുക തന്നെ വേണം.

### കരമണൽ

ഇന്നലെ സ്കൂൾവിട്ടു വന്നപ്പോൾ വഴിയിൽ നിന്നേ കേൾക്കാം, വീട്ടിൽ ആരൊക്കെയോ സംസാരിക്കുന്ന ശബ്ദം. വലിയ ചർച്ച നടക്കുന്നു. അമ്മയും അമ്മാവനും അച്ഛനും കൂടാതെ അയ



ൽപ്പക്കത്തെ കുറച്ചുപേരും കൂടിയിട്ടുണ്ട്. ഉച്ചത്തിലാണ് സംസാരിക്കുന്നത്.


"ഈ നാട്ടിൽ ഇത് സംഭവിക്കാൻ പാടില്ല. പണമല്ലല്ലോ പ്രധാനം." അമ്മയുടെ ശബ്ദം.

അമ്മയ്ക്കിത്ര ശബ്ദമോ?

ഞാൻ ഓടി. എന്താ കാര്യമെന്ന് അറിയണമല്ലോ.

ഞാൻ ചെന്നപ്പോഴേക്കും എല്ലാവരുടെയും ശബ്ദം കൂടിക്കുഴഞ്ഞ് എന്താ സംഭവിച്ചത് എന്നെനിക്കൊരു പിടിയും കിട്ടിയില്ല.





പിന്നീട് ചേച്ചിയാണ് കാര്യങ്ങൾ വിശദീകരിച്ചത്. പുഴയിലെ മണൽ പോരാഞ്ഞ് ഇനി കരയിൽ നിന്നും മണൽ കുഴിച്ചെടുക്കാനുള്ള പരിപാടിയാണത്രെ.

## വിപത്തുകൾ

ഞങ്ങളുടേതടക്കം മൂന്ന് വീട്ടുകാർ ഒഴികെ ബാക്കിയുള്ളവരെല്ലാം അവരുടെ പറമ്പിൽ നിന്ന് വേണ്ടത്ര മണൽ കുഴിച്ചെടുക്കാൻ സമ്മതിച്ചു.

പുഴയിലെ മണൽ വാരാൻ തോണികൾ ഓരോ ദിവസവും കൂടി വരുന്നു. പുഴയുടെ വീതി കുറയുന്നതായി എനിക്ക് തോന്നുന്നതാണോ?

വൈകുന്നേരം അടുത്ത പറമ്പിൽനിന്ന് ബഹളം കേട്ട് അമ്മയുടെ കൂടെ ഞാനും ഓടിച്ചെന്നു.

അവിടെ അടുത്തിടെ കുഴിച്ച കുഴിയിൽ വീണ് ഒരു പശുക്കുട്ടിയുടെ കാലൊടിഞ്ഞു. മണലെടുക്കാൻ കുഴിച്ച കുഴിയാണെന്ന് പറയേണ്ടതില്ലല്ലോ. പാവം പശുക്കുട്ടി. പശുവും.

മണലെടുത്ത് കിട്ടിയ പൈസയിൽനിന്ന് അങ്ങനെയും ചെലവായി. സുമതി അമ്മയോട് സങ്കടം പറഞ്ഞു. വരുത്തിവെച്ചതല്ലേ എന്നാണ് അമ്മ പറയേണ്ടിയിരുന്നത്. അമ്മ ഒന്നും മിണ്ടിയില്ല. മൂക്കത്ത് വിരൽ വെച്ച് സുമതിയെ നോക്കി നിന്നതേയുള്ളൂ.

## വെള്ളം

പശുക്കുട്ടിയുടെ വീഴ്ചയെപ്പറ്റി ജനം മറന്നുതുടങ്ങി. എല്ലാവർക്കും ഇഷ്ടംപോലെ പൈസ കിട്ടി. പറമ്പുകളിൽ വലിയ കുഴികൾ രൂപപ്പെട്ടിട്ടും ആരും അതത്ര കാര്യമാക്കിയില്ല. പറമ്പിലൂടെ നടക്കുമ്പോൾ ശ്രദ്ധിക്കണം എന്ന് കുട്ടികളോടും വയസ്സായവരോടും ഉപദേശിച്ചു. അതോടെ എല്ലാം നന്നായി എന്ന മട്ടിൽ കിട്ടിയ പണം സന്തോഷത്തോടെ ഉപയോഗിക്കാൻ തുടങ്ങി. കരമണൽ കൊടുക്കാൻ തയ്യാറാകാത്ത വീട്ടുകാരെ നോക്കി വല്യ കാര്യവുമുണ്ടോ എന്ന മട്ടിൽ പുച്ഛത്തോടെ നോക്കുകയും ചെയ്തു.

പക്ഷേ, സന്തോഷം അധികനാൾ നീണ്ടുനിന്നില്ല. അതിനെപ്പറ്റി നാളെ വിശദമായി എഴുതാം. വീട്ടിൽ ഞാനുൾപ്പെടെ എല്ലാവരും ഓർക്കാപ്പുറത്ത് ഒരു അടികിട്ടിയ പോലെ അന്തംവിട്ടിരിക്കുകയാണ്.

വെള്ളം കോരാൻ ബക്കറ്റ് കിണറ്റിലിട്ടതായിരുന്നു അച്ഛൻ. നല്ല ആഴമുള്ള കിണർ ആണ്. ബക്കറ്റ് എവിടെയോ തട്ടിയപോലെ തോന്നി അച്ഛൻ കിണറ്റിനുള്ളിലേക്ക് എത്തിനോക്കി. അപ്പോൾ കണ്ട കാഴ്ചയാണ് ഗ്രാമത്തിലെ എല്ലാവരുടെയും ഉറക്കം കെടുത്തുന്നത്. കിണറിന്റെ അടിയിലായിരിക്കുന്നു വെള്ളം. തെളിഞ്ഞു കിടന്ന വെള്ളത്തിന് ചായയുടെ നിറം. അപ്പനപ്പൂപ്പന്മാരുടെ കാലത്ത് കുഴിച്ച പുരാതനമായ കിണറാണ്. ഇന്നേവരെ വെള്ളം ഈ പരുവത്തിലായ ചരിത്രമില്ല.

മണലെടുക്കാത്ത ഞങ്ങളുടെ തൊടിയിലെ മുറ്റത്തെ കിണറിനാണ് ഈ സ്ഥിതിയെങ്കിൽ

മറ്റുള്ളവരുടെ അവസ്ഥയെന്തായിരിക്കും?

അങ്ങനെ എല്ലാവരുടെയും കമ്പം തീർന്നു. വെള്ളത്തിന് പകരം വെക്കാൻ പണത്തിനാകില്ല എന്ന് ജനത്തിന് പിടികിട്ടയപ്പോൾ മണലും മണ്ണും എടുക്കാൻ ജെ.സി.ബി.യുമൊക്കെയായി വന്നവർ മടങ്ങിപ്പോയി.

## വീണ്ടും പുഴ

ഇത്രയൊക്കെയുമായിട്ടും പുഴയിലെ മണൽവാരലിനു ഒരു കുറവുമില്ല. പുഴയുടെ വീതി കുറയുകയും കരഭാഗം കൂടി വരികയും ചെയ്യുന്നു. എന്ന് വെച്ചാൽ ഒരിക്കൽ വെള്ളമൊഴുകിയിരുന്നു എന്ന അടയാളം പോലും അവശേഷിപ്പിക്കാതെ പുഴയുടെ കരയോട് ചേർന്ന വലിയ ഒരു ഭാഗം പുല്ല് വളർന്ന് കരയായിത്തീർന്നുകൊണ്ടിരിക്കുന്നു..

## വേനലവധിക്കാലം

ഞങ്ങളുടെ വീട്ടിൽ പുതിയ രണ്ടംഗങ്ങൾ വന്നുചേർന്നു. കല്യാണിപ്പശുവും കിട്ടു എന്ന പട്ടിക്കുട്ടിയും. അമ്മയുടെയും അച്ഛന്റെയും സഹോദരങ്ങളുടെ മക്കളും പല സ്ഥലങ്ങളിൽനിന്ന് അവധിക്കാലം ചെലവഴിക്കാൻ വന്നു. അവർ ആറു പേരുണ്ട്. കൂട്ടത്തിൽ ചെറുത് ഏഴു വയസ്സുകാരൻ വിക്കുവും.

ഇന്നലെ എല്ലാവരും കൂടി പുഴയിൽ കുളിക്കാനിറങ്ങി. കുളിക്കാൻ പോകുമ്പോൾ വിക്കുനെ കൂട്ടരുത് എന്ന് അമ്മ പ്രത്യേകം പറഞ്ഞേൽപ്പിച്ചു. അവന് നീന്താൻ ശരിക്കറിയില്ല, അതുകൊണ്ടാണ്. ഇറങ്ങില്ല എന്നുറപ്പ് പറഞ്ഞ് അവൻ കരയിൽ വന്നിരുന്നു.

ഞങ്ങൾ വെള്ളത്തിലിറങ്ങി അൽപ്പമകലേക്ക് നീന്തിപ്പോകുമ്പോൾ വിക്കു അവന്റെ ഏട്ടന്റെ മൊബൈലിൽ ഏതോ ഗെയിം കളിക്കുകയായിരുന്നു..

പെട്ടെന്നാണ് ഒരു അലർച്ച കേട്ടത്. ഞങ്ങൾ തിരിഞ്ഞുനോക്കുമ്പോൾ കണ്ട കാഴ്ച:

വിക്കു പുഴയിൽ. അവൻ കൈകൾ മേലോട്ടുയർത്തി ഉച്ചത്തിൽ കരയുന്നു. ഞങ്ങൾ നീന്തിച്ചെന്നു. അവന്റെ കാലുകൾ പുഴയിലേക്ക് ഇറങ്ങുന്നിടത്ത് ചെളിയിൽ ആണ്ടുപോയിരിക്കുകയാണ്. വലിച്ചെടുക്കുന്തോറും കൂടുതൽ ആഴത്തിലേക്ക് പോകുകയാണ്.

അധികം ആഴമുള്ള സ്ഥലത്ത് അല്ലാതിരുന്നിട്ടും അവൻ എന്തേ താണുപോകാൻ തുടങ്ങിയത്?

മണലിന് പകരം പുഴയുടെ ഓരങ്ങളിൽ ചെളി അടിഞ്ഞിരിക്കുകയാണ്. മണൽ വാരുമ്പോൾ പുഴ മെലിയുമെന്നും പുഴയുടെ സ്വഭാവം മാറുമെന്നും ഞങ്ങളും അനുഭവം കൊണ്ട് പഠിച്ചു.

## മഴക്കാലം

ജൂൺ ഒന്നായിട്ടും കാര്യമായി മഴ പെയ്തില്ല. ഒരു മാസത്തോളം ഇതായിരുന്നു സ്ഥിതി. ആഞ്ഞും തൂങ്ങിയും സ്കൂളിൽ പോകുന്ന കുട്ടികളെപ്പോലെ മഴക്കും ഒട്ടും ഉഷാറില്ലായിരുന്നു. ഗ്രാമം മുഴുവൻ പരിഭ്രമിച്ചു.

ജൂൺ കഴിഞ്ഞു. ജൂലൈ കഴിഞ്ഞു. സാധാരണ






# പ്രകൃതി നിരീക്ഷണം

സെപ്റ്റംബർ 16 ലക്കത്തിൽ പറഞ്ഞ 'ശാസ്ത്രം പ്രവർത്തനത്തിൽ' ( science in action) പരിപാടിയിൽ കൂട്ടുകാർ പങ്കെടുത്തുവോ? അതിന്റെ ഭാഗമായി പുതിയ പരിപാടി ആരംഭിക്കാറായി. പ്രകൃതി നിരീക്ഷണം. യു.പി, ഹൈസ്കൂൾ കുട്ടികൾക്ക് പങ്കെടുക്കാം. ഒക്ടോബർ ഏഴു മുതൽ രണ്ടാഴ്ച്ചക്കാലമാണ് ഇത്. വിശദാംശങ്ങൾ https://luca.co.in/vavatheepu2020 എന്ന ലിങ്കിൽ നിന്ന് ലഭിക്കും.

പെയ്യുന്ന മഴയുടെ ഒരംശം പോലും പെയ്തിട്ടില്ല.

ആഗസ്റ്റ് മഴ കനത്തു. ധാരമുറിയാതെ പെയ്യാൻ തുടങ്ങി. നിർത്തില്ല എന്ന് വാശിയാണോ എന്നാരും ചോദിച്ചുപോകും പോലെയായിരുന്നു മഴയുടെ പ്രകടനം..

പെരിയാറിന്റെ തീരത്ത് താമസിച്ചിരുന്ന വലിയമ്മയുടെ വീട്ടുപടിക്കൽ വരെ വെള്ളമെത്തി എന്ന് വാട്സാപ്പിൽ സന്ദേശം വന്നു. കുറച്ചു കഴിഞ്ഞ് പുഞ്ചിരിയുടെ ഇമോജിയുമായി വെള്ളമിറങ്ങിയതിന്റെ ഫോട്ടോയും കണ്ടു.

ഞങ്ങളുടെ പുഴ കലങ്ങിമറിഞ്ഞ് ഒഴുകുന്നുണ്ടായിരുന്നു. കരയിലേക്ക് വെള്ളം അധികം കയറിയതുമില്ല.

## പ്രളയം

വലിയമ്മയുടെ വീട്ടിൽ ഇന്ന് വെള്ളം കയറി. താഴത്തെ നിലയിൽനിന്ന് സാധനങ്ങൾ മുകളിലേക്ക് മാറ്റുന്നതിന് മുൻപ് തന്നെ വീട്ടുപകരണങ്ങൾ, കട്ടിൽ, കിടക്ക മുതലായവ വെള്ളത്തിൽ കുതിർന്നു. വലിയമ്മയെയും വീട്ടുകാരെയും അയൽക്കാരോടൊപ്പം ബോട്ടിൽ കയറ്റി മുറ്റത്തെയും റോഡിലെയും വെള്ളത്തിലൂടെ തുഴഞ്ഞ് വെള്ളം കയറാത്ത സ്ഥലത്തെത്തിച്ചു.

അമ്മ പറഞ്ഞു :"നമ്മളെന്തിനാണിങ്ങനെ കാത്തിരിക്കുന്നത്? വെള്ളം കയറുമെന്ന് ഉറപ്പായി. വേഗം പോകാം."

രണ്ടു ദിവസം മുമ്പ് തന്നെ പുസ്തകങ്ങൾ തട്ടിൻപുറത്തേക്ക് മാറ്റിയിരുന്നു. വസ്ത്രങ്ങളും.

ആദ്യം കല്യാണിയെയും കിട്ടുവിനെയും കുറച്ചകലെ ഒരു ബന്ധുവീട്ടിൽ കൊണ്ടുചെന്നാക്കി. ഞങ്ങൾ അത്യാവശ്യം വേണ്ടതൊക്കെ എടുത്ത് ഇറങ്ങുമ്പോഴേക്കും വെള്ളം മുറ്റത്ത് കയറിയിരുന്നു.

## തിരിച്ചുവരവ്

മൂന്നുനാല് ദിവസം കൊണ്ടാണ് മഴ ശമിച്ചത്. ആൾനാശം, കൃഷിനാശം, തകർന്ന വീടുകൾ, കന്നുകാലികളുടെ ശവങ്ങൾ, സാധനങ്ങൾ വെള്ളം കയറി നശിച്ച കടകൾ ഇങ്ങനെ നഷ്ടത്തിന്റെ കണക്കുകളാണ് ടി.വി യിലും പത്രത്തിലും ദിവസേന വന്നുകൊണ്ടിരിക്കുന്നത്. മഴയോടുള്ള എന്റെ ഇഷ്ടംപോലും കുറഞ്ഞു.

പ്ലാസ്റ്റിക് മാലിന്യം കൂട്ടത്തോടെ അടിഞ്ഞ വെള്ളക്കെട്ടുകൾ കണ്ടിട്ട് അമ്മ പറയുന്നുണ്ടായിരുന്നു, "മഴ ഒരു കുറ്റവും ചെയ്തിട്ടില്ല. മനുഷ്യരാണ് എല്ലാറ്റിനും കാരണം."

ഈ ദുരന്തങ്ങൾക്കിടയിലും ഞങ്ങളെ ചിരിപ്പിച്ച, അത്ഭുതപ്പെടുത്തിയ ഒരു കാര്യമുണ്ടായി.

ഞങ്ങൾ അരി സൂക്ഷിക്കുന്നത് വലിയ ഒരു ചെമ്പിലാണ്. തിരിച്ചുവരുമ്പോൾ മറിഞ്ഞ ചെമ്പും ഒഴുകിപ്പോയ അരിയും തുടങ്ങി പലതരം നഷ്ടങ്ങൾ അച്ഛന്റെയും അമ്മയുടെയും കണക്കെടുപ്പിൽ പെട്ടിരുന്നു.

ചേച്ചി ചേച്ചിയുടെ മുറിയിലേക്കാണ് ആദ്യം പോയത്. പോകുന്ന വഴിക്ക് ഇടനാഴിയുടെ ഒരു കോണിൽ അടുക്കളയിൽനിന്ന് ഒഴുകിയെത്തിയ അരിച്ചെമ്പ് അതിന്റെ മൂടിയോടെ ഭദ്രമായി ഇരിപ്പുണ്ടായിരുന്നു. ആ കാഴ്ച ഞങ്ങളുടെ സങ്കടം കുറെയേറെ മായ്ച്ചുകളഞ്ഞു.

## സ്കൂൾ

സ്കൂൾ കുറേ മുടങ്ങി. ഇനി മുതൽ ശനിയാഴ്ചയും ക്ലാസ്സുണ്ടാവും എന്നാണ് അറിഞ്ഞത്. ദിനാന്തക്കുറിപ്പുകൾക്ക് കുറച്ചുകാലം അവധി കൊടുക്കാം.

നീർമരുത് പൂക്കട്ടെ. അപ്പോൾ ഞാൻ എന്റെ പേനയും ബുക്കും എടുത്ത് നല്ല കാര്യങ്ങൾ കുറിച്ചുവെക്കും.

# മുകളിലോ ഉള്ളിലോ?




**അനുരാഗ് എടച്ചേരി**

ചിത്രീകരണം: കെ.സതീഷ്

അപ്പു ഒരു കോഴിമുട്ടയുടെ മുകളിൽ ഒരു ഉറുമ്പിനെ പിടിച്ചുവെച്ചു. എന്നിട്ട് കുക്കുച്ചേച്ചിയോട് ചോദിച്ചു; 'കോഴിമുട്ടയുടെ ഉള്ളിലാണോ പുറത്താണോ ഉറുമ്പുള്ളത്?'

'ഇതെന്ത് ചോദ്യമാണ് അപ്പൂ, കണ്ടാലറിഞ്ഞൂടെ, കോഴിമുട്ടയുടെ മുകളിലാണ് ഉറുമ്പുള്ളതെന്ന്.'

'ശരിയുത്തരം. അപ്പോൾ, ഒരു ചോദ്യം കൂടി.




അപ്പുവും കുക്കുച്ചേച്ചിയും ഇപ്പോൾ ഭൂമിയുടെ പുറത്താണോ അകത്താണോ ഉള്ളത്?'

'ഇതും വളരെ സിമ്പിൾ അല്ലേ ഡാ, ഭൂമിയുടെ പുറത്ത്.'

'ഉറപ്പിച്ചോ?'

'ഉറപ്പിച്ചു,മൂന്നുവട്ടം ഉറപ്പിച്ചു.'

'എന്നാൽ ചേച്ചിക്ക് തെറ്റിപ്പോയി എന്ന് ഞാൻ പറയും. നമ്മൾ ഭൂമിയുടെ ഉള്ളിലാണ് ഉള്ളത്.'

'അതെങ്ങനെ ശരിയാവുമെടാ?'

'ചേച്ചി ഭൂമിയെ ഒന്ന് മനസ്സിൽ സങ്കൽപ്പിച്ചു നോക്കിക്കേ..'

'ഉം.. മനസ്സിൽ വിചാരിച്ചു.'

'അതിൽ നിറയെ വെള്ളമുള്ള കടല് കണ്ടോ? നിറയെ മരങ്ങളും കാടും കല്ലും മണ്ണും ഒക്കെ ഉള്ള കരഭാഗം കാണുന്നുണ്ടോ? അടുത്തത് ശ്രദ്ധിക്കണേ.. അതിനു മുകളിലായി കാറ്റും മേഘവും മഴയും ഒക്കെ ഉള്ള അന്തരീക്ഷം കണ്ടോ?'

'ഏ.. ഉം.. കണ്ടു.'

'അപ്പോൾ, നമ്മൾ ഈ അന്തരീക്ഷത്തിന്റെ ഉള്ളിലല്ലെ ഉളളത്? മഴയും കാറ്റും വായുവും ഒക്കെ അനുഭവപ്പെടുന്ന അന്തരീക്ഷത്തിന്റെ ഉള്ളിൽ?'

'നീയെന്താടാ അപ്പൂ പറേണത്. അന്തരീക്ഷം ഭൂമിയുടെ മുകളിൽ അല്ലെ?'

'ഭൂമിയുടെ കടലും കരഭാഗവും അന്തരീക്ഷവും ഒക്കെ ചേർന്നതിനെ ആണ് ഭൂമി എന്ന് വിളിക്കുന്നത്. ഭൂമിയുടെ കേന്ദ്രം മുതൽ ഭൂമിയുടെ അന്തരീക്ഷത്തിന്റെ അറ്റം വരെ ഭൂമിയാണ്. ആ, പറഞ്ഞേക്കാം, ഭൂമിയുടെ അന്തരീക്ഷത്തിന്റെ അറ്റം വരെ എന്നു പറഞ്ഞാലും പ്രശ്നമാണ്. ഭൂമിയുടെ അന്തരീക്ഷം നേർത്ത് നേർത്ത് ബഹിരാകാശമായി മാറുകയാണേ. അതിനങ്ങനെ നിശ്ചിതമായ അതിർത്തിയൊന്നുമില്ല. എന്തായാലും നമ്മൾ ആ അന്തരീക്ഷത്തിന്റെ ഉള്ളിലാണ്. അതുകൊണ്ട് നമ്മൾ ഭൂമിയുടെ ഉള്ളിൽ ആണ് എന്നല്ലേ പറയേണ്ടത്. സിമ്പിൾ...'

കൂട്ടുകാരേ, അപ്പുവിന്റെ ഈ ചോദ്യം നിങ്ങളുടെ ക്ലാസ് ടീച്ചറോടും കുട്ടികളോടും ചോദിക്കുമല്ലോ?

# പുറകെ നടക്കാണല്ലോ; ഈ
# അമ്പിളി മാമൻ



**ശ്യാമിലി നാരായണൻ**

ചിത്രീകരണം: അരവിന്ദൻ വട്ടംകുളം

"ചിറ്റ ഇന്നലെ ഒറ്റക്കാണോ വന്നേ?" "

"അല്ല"

"ആരാ കൂടെ?"

"ഇന്നലെ അമ്പിളിമാമനും ഉണ്ടായിരുന്നു. "

"ട്രെയിനിലോ?"

"ഇല്ല ട്രെയിനിൽ കേറിയില്ല, ട്രെയിനിന്റെ ഒപ്പം ആകാശത്തൂടെ, കൂടെ ഓടി വരായിരുന്നു. ഞാൻ ജനലിലൂടെ നോക്കുമ്പോ ഒക്കെ ജനലിന്നപ്പുറത്തുതന്നെയുണ്ടാവും. പുലർച്ചെ തൃശ്ശൂർ ട്രെയിനിറങ്ങിയപ്പോ ഞാൻ വിചാരിച്ചു ആ ട്രെയിനിന്റെ കൂടെ പോവൂം ന്ന്. പക്ഷേ, പോയില്ല. ബസ് സ്റ്റാൻഡിൽ എന്റെ കൂടെ നടക്കാൻ വന്നു. തൊട്ടു മോളിൽ തന്നെയുണ്ടായിരുന്നു. "

"എന്നീട്ട് ബസ്സിൽ കേറിയോ?"

"ചിറ്റ ബസ്സിൽ കേറി"

"അമ്പിളിമാമനോ? "

"ഇല്ല"

"പിന്നെ?"

"ബസ്സ് കേറിയപ്പോ ചിറ്റ മറന്നു. പിന്നെ കുറച്ചു കഴിഞ്ഞപ്പോ ഉണ്ട് ആകാശത്തൂടെ ബസ്സിന്റെ ഒപ്പം വര്ന്ന്.

"പാവം ല്ലേ ചിറ്റേ"

"അതെ മോളേ പാവം".

"എന്തെങ്കിലും കഴിച്ചോ, ക്ഷീണം ഉണ്ടോന്നും ചിറ്റ ചോയ്ച്ചില്ലേ? "

"ഇല്ല"

"ചിറ്റ രാത്രി അതിന് കഥ വായിച്ചു കൊടുത്തിരുന്നോ?"

"ഇല്ല. ചിറ്റ ഫോണിൽ കുത്തിയിരിക്കായിരുന്നു."

"പാവം. അപ്പം അതുറങ്ങിക്കാണില്ല അല്ലേ?"

"ഉണ്ടാവില്ല."

"എന്നീട്ടെപ്പഴാ അതു പോയേ?"

"അത് ചിറ്റ കണ്ടില്ല. സൂര്യൻ വന്നപ്പോ അത് പോയീ തോന്നുന്നു. "

"ചിറ്റ റ്റാറ്റ പോലും പറഞ്ഞില്ലേ?"



"ഇല്ല"

"ചിറ്റ ഫോണിൽ നോക്കായിരുന്നു?"

"അതെ മോളെ."

"പാവം അമ്പിളി മാമൻ. അല്ലെ ചിറ്റേ?"

"അതെ "

# നട്ട്



വിനീഷ് കളത്തറ

ചിത്രീകരണം: രാജീവ് എൻ ടി

ഓ... എന്തൊരു കടുപ്പമാ ഈ നട്ടിന്. മുറുക്കി മുറുക്കി കൈ തൊലഞ്ഞു. പന്ത്രണ്ടിന്റെ സ്പാനറിട്ട് പണി ചെയ്യുമ്പം കൈവെള്ളയൊക്കെ ചൊമ്ക്വാ... നല്ല വേദനേം... ഇതൊക്കെ ഊരിയെടുക്കാനും കൊറെ പാടുപെട്ടു.

ആ പോലീസുകാരൻ അനിച്ചേട്ടൻ പണി ചെയ്യുന്നേന്റടുത്ത് കസേരയിട്ടിരിപ്പുണ്ട്. ഇടയ്ക്കിടെ ഇങ്ങോട്ടു തുറിച്ചുനോക്കി അനിച്ചേട്ടനോട് എന്തൊക്കെയോ പറയുന്നുണ്ട്. അയാളുടെ ഈ പഴഞ്ചൻ ബൈക്കിക്കെടന്ന് പിടിച്ചാ കൈ വേദനിക്കുന്നത്. കൈയിലെ ഗ്രീസുകാരണം പിടി പറ്റുന്നുമില്ല.

പഴന്തുണിയെടുത്ത് നല്ലോണം തുടച്ചു.

'തൊടച്ചോണ്ടിരിക്കാതെ പെട്ടെന്ന് ആവട്ടെടാ...' പെട്ടെന്ന് ചുമലിൽ ഒരു അടിവീണു. അനിച്ചേട്ടനാണ്. 'സാറിന് ഡ്യൂട്ടിക്ക് പോകാനുള്ളതാ..' അനിച്ചേട്ടന്റെ ശബ്ദമുയർന്നു.

അനിച്ചേട്ടനെപ്പോഴും ഇങ്ങനെയാ. വണ്ടി നന്നാക്കാൻ വരുന്നവരുടെ മുമ്പിൽവച്ച് വഴക്ക് പറയും. ചീത്തേം വിളിക്കും. ചെലപ്പോൾ അടിയും.

വെഷമമൊന്നും തോന്നീല. വീട്ടിലെന്നും കിട്ടാറുള്ളതല്ലേ. സന്ധ്യയാകുമ്പം ആടിയാടി വരും അച്ഛൻ. പിന്നെ പൊടിപൂരമാ. അടീം ചീത്തവിളീം അമ്മേടെ മൂക്കുപിഴിച്ചിലും എല്ലാമെന്റെ വിതീന്നുള്ള പഴിപറച്ചിലും... കൊറേ കഴിയുമ്പം എന്റെ നേർക്കാ ദേഷ്യം തീർക്കുന്നത്. രണ്ടെണ്ണം കിട്ടും ഒറപ്പാ... പിന്നെ അങ്ങേര് എവിടെങ്കിലും വീണു കെടന്നുറങ്ങുമ്പഴാ പുസ്തകമെടുത്ത് വായിക്കുന്നത്.

ക്രിസ്മസ് പരീക്ഷയ്ക്ക് 'ബി' ഗ്രേഡ് കിട്ടിയപ്പം ബിന്ദുട്ടീച്ചറ് പറഞ്ഞു: 'നീ നല്ലോണം പഠിക്കണം.'

'തീർന്നോടാ?'

'തീർന്നു.' ഹൊ, നട്ടുകളെല്ലാം ഒരുവിധം മുറുക്കി എണീറ്റു.

അനിച്ചേട്ടനും പോലീസുംകൂടി വണ്ടിക്കടുത്തേക്ക് വന്നു. വണ്ടിയാകെ കണ്ണോടിച്ചിട്ട് പോലീസ് തുറിച്ചൊരു നോട്ടം. 'ങും...'

വേറൊരു വണ്ടീടടുത്തേക്ക് മാറി നിന്നു. പോലീസ് ബൈക്കുമെടുത്ത് പോയപ്പം അനിച്ചേട്ടൻ അടുത്തേക്ക് വന്നു.



'നിനക്ക് നൊ ന്തോ?'

ഒന്നും മിണ്ടിയില്ല. 'അയാളൊരു അലമ്പുകേസ്സാ. രാജാവിന്റെ കാലത്തെ വണ്ടിയാ... അതിന്റെ നട്ടൊക്കെ എളക്കണോങ്കി നല്ല പണിയാകും. നിന്നെ നോക്കി അയാളെന്താ പറഞ്ഞേന്ന് കേൾക്കണോ?'

'എന്താ അനിച്ചേട്ടാ?'

'ചെറുക്കന് പതിനാല് കഴിഞ്ഞോടാ... ഇല്ലെങ്കി ബാലവേലയ്ക്ക് കേസ്സെടുക്കുന്ന്. ഞാനൊന്നും മിണ്ടീല്ല. നീയേ ആ ആക്ടീവയൊന്ന് തൊടച്ച് വയ്ക്ക്, ആളിപ്പ വരും.'

പഴന്തുണീമെടുത്ത് ആക്ടീവാടെ അടുത്തേക്ക് ചെല്ലുമ്പം മനസ്സിലൊരു പേടി. ഇനിയാ പോലീസ്സെങ്ങാൻ വന്നു പിടിച്ചോണ്ടു പോവ്വോ, ബാലവേലയെന്നും പറഞ്ഞ്. എന്നാപ്പിന്നെ പഠിത്തമൊക്കെ വെള്ളത്തിലായതു തന്നെ. ബിന്ദുട്ടീച്ചറ് പറഞ്ഞത് പിന്നേം ഓർമ



വന്നു:'നീയൊന്നു ശ്രമിച്ചാ 'ബീ'ന്ന് 'എ'യിലോട്ടെത്താം.'

പഠിക്കണം, പഠിച്ചേ പറ്റൂ... ഒരു ജോലിയൊക്കെ കിട്ടീട്ടുവേണം അമ്മേംകൊണ്ട് എങ്ങോട്ടെങ്കിലും പോകാൻ.

ആക്ടീവ തൊടച്ചു കഴിഞ്ഞപ്പം അനിച്ചേട്ടൻ വിളിച്ചു. അടുത്തേക്ക് ചെന്നപ്പം പോക്കറ്റീന്ന് അഞ്ഞൂറു രൂപ നോട്ടെടുത്ത് നീട്ടി.

'നീയേ നാളെ വരണ്ട...' ഞെട്ടിപ്പോയി. കരച്ചിലും വന്നു. 'നിനക്ക് പുസ്തകം വാങ്ങാൻ സ്കൂളിൽ പോണ്ടത് നാളേന്നല്ലേ പറഞ്ഞത്. മറന്നോ?'

ശരിക്കും കണ്ണു നിറഞ്ഞത് അപ്പോഴാണ്. കഴിഞ്ഞ ആഴ്ച എപ്പോഴോ പറഞ്ഞതാണ്, അനിച്ചേട്ടൻ ഓർത്തിരിക്കുന്നു!

കൈനീട്ടി കാശ് വാങ്ങി.

'നിനക്ക് യൂനിഫോം സ്കൂളീന്ന് കിട്ടൂലേ... അതിന് തയ്യക്കൂലി കൊടുക്ക്. ബാക്കി ബുക്കും വാങ്ങിച്ചോ...' അനിച്ചേട്ടൻ, നന്നാക്കേണ്ട അടുത്ത വണ്ടിക്കടുത്തേക്ക് നടന്നു. പിന്നെ, എന്തോ ഓർത്ത് അകത്തേക്ക് പോയി ഒരു ചെറിയ കുപ്പിയുമായി മടങ്ങി വന്നു.

'ന്നാടാ...തൈലമാ.. ഇട്ട് ചൂടു പിടിച്ചോ, കൈവേദന മാറിക്കോളും...'

പെട്ടെന്നൊരു തണുപ്പ് ഉള്ളിലേക്ക് കയറി. ഒരു തണലിൽ പെട്ടത് പോലെ. തൊണ്ടയിലെന്തോ കുരുങ്ങുന്നു. പൈപ്പ് തുറന്നപോലെ വെള്ളം കണ്ണിലേക്ക് എരച്ചുവന്നു. ദൂരെ പണി ചെയ്യുന്ന അനിച്ചേട്ടനെ കാണാം, കാറിന്റെ ചില്ലില് മഴവീഴുമ്പം കാണുന്ന പുറംകാഴ്ചയിലെ പോലെ...

കണ്ണീരുവീണ നോട്ട് കുതിരാതെ പോക്കറ്റിൽ പൊത്തിപ്പിടിച്ചുകൊണ്ട് വേഗം നടന്നു.

വെയിലേ, നിനക്കെന്നെ തോൽപ്പിക്കാമ്പറ്റൂലാ....

## പദപ്രശ്നം സെപ്റ്റംബർ 16, ഉത്തരവും വിജയികളും

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | 1 ത | | | | |
| | | | 2 പ | ല | 3 ക | | | |
| | | 4 പാ | ത | | 5 ലി | പി | | |
| | 6 ച | ല | നം | | 7 ക | ട | 8 മ | |
| 9 ച | ക്ക | | | | | | 10 ക | രി |
| | 11 ര | 12 ചി | 13 ത | | 14 ഇ | 15 രു | ൾ | |
| | | 16 ത | ളി | | 17 ത | രു | | |
| | | | 18 ക | 19 വി | ൾ | | | |
| | | | | ല | | | | |

**നീരജ ഷിബു,**
കുഞ്ഞൻമലയിൽ വീട്, മണീട് പി.ഒ.,
പിറവം, എറണാകുളം 686 664

**അനന്ത് പത്മനാഭൻ പി.വി,**
പടിഞ്ഞാറ്റപ്പുരയിൽ, വായാട്, കാനപ്പുറം,
തിരുവട്ടൂർ പി.ഒ., കണ്ണൂർ

**അനന്യ ഗോപു,**
ഗോപു 12/342 സി, കാവുങ്ങൽ,
മലപ്പുറം പി.ഒ. 676 505

**ആരോമൽ എ.ആർ,**
സൗപർണിക, കിഴക്കനേല പി.ഒ,
തിരുവനന്തപുരം 691574

**അന്ന എ,**
അമ്പിയിൽ വീട്, ആലപ്പാട്, ആലും കടവ്,
കരുനാഗപ്പള്ളി പി.ഒ, കൊല്ലം 690 573

# ഒരു സൂക്ഷ്മജീവി
# മനുഷ്യനോട് പറയുന്നത്



ഇ ജിനൻ

ചിത്രീകരണം: സൂരജ് കക്കറയിൽ

1.
നിങ്ങളെത്തു–
ന്നതിൻ മുൻപേ,
മനുഷ്യാ ഞാൻ
ഭൂമിയിലുണ്ടായിരുന്നു.

കോടി പ്രകാശ–
വർഷങ്ങൾക്കു
മുൻപൊരു
കോണിൽ ഞാൻ
ജീവിച്ചിരുന്നു.






2.
നിങ്ങൾ തൻ
നഗ്നമാം കണ്ണുകൾ
കൊണ്ടെന്നെ
കാണാൻ
കഴിഞ്ഞിരുന്നില്ല.

അത്രമേൽ നിശ്ശബ്ദ
സൂക്ഷ്മ–
പ്രപഞ്ചത്തി_
ലന്നെന്റെ
അജ്ഞാത വാസം.

3.
ഞാനൊറ്റ–
യല്ലെന്നറിക
കുലങ്ങളായ്
നാനാ_
സ്വരൂപത്തിലുണ്ട്.

ഞങ്ങൾ പരസ്പരം
സ്നേഹിച്ച്, ജീവന്റെ
താളങ്ങളെ മിടിപ്പിച്ചു.




4.
ഞങ്ങളെ സൂക്ഷിച്ചു
നോക്കുവാനായ്
സൂക്ഷ്മ–
ദർശിനി നിങ്ങളുണ്ടാക്കി.

സ്വസ്ഥമായ് ഞങ്ങൾ
കഴിയേ, മനുഷ്യാ നീ
ഞങ്ങളെ കണ്ടു പിടിച്ചു.

ഓരോരോ പേരുക–
ളിട്ടു, ചെവികളിൽ
കേറാത്ത ഭാഷയിൽ
നിങ്ങൾ.


ഓരോരോ നേരുകൾ
തേടും നിൻ യാതകൾ
ഓരോന്നുമെത്ര വിചിത്രം .






5.
ആഴിയിൽ,
പൂഴിയിൽ
കല്ലിൽ,
കലത്തിലും
മഞ്ഞിൻ
കണത്തിലും
ഞങ്ങളുണ്ട്.

പൊട്ടും പൊടിയിലു–
മെന്നു വേണ്ടാ, ചുട്ടു–
പൊള്ളുന്ന ലാവയിൽ
പോലുമുണ്ട്.



6.
ജീവപരിണാമ–
ശ്രേണിയിൽ
ഞങ്ങൾ തൻ
ജീവന്റെ കൈപ്പട
കാണാം.

ഞങ്ങളില്ലെങ്കിലീ,
ജീവന്റെ ചാക്രിക–
ബന്ധം മുറിഞ്ഞറ്റു
പോകും.



7.
ഒറ്റയൊരേയൊരു
കോശത്തിൽ നിന്നും
തുടങ്ങിയതീ ജീവലോകം

ഒറ്റച്ചുവടിൽ നിന്നല്ലോ
തുടർന്നതീ
പ്രാണന്റെ നൃത്തപ്രപഞ്ചം.

✷

കവിയുടെ ശബ്ദത്തിൽ കവിത കേൾക്കാൻ
ക്യൂ ആർ കോഡ് സ്കാൻ ചെയ്യുക.

കാഴ്ചപ്പുറം

സുരഭിവചന

## ദിനാചരണം

# സൗഹ
# ലോകം അറിയ

രാജ്യങ്ങൾ തമ്മിലുള്ള സൗഹാർദത്തിന് വളരെ പ്രാധാന്യം കൽപ്പിക്കുന്ന സംഘടനയാണല്ലോ ഐക്യരാഷ്ട്ര സംഘടന. ലോകരാജ്യങ്ങൾ നേരിടുന്ന സാമൂഹിക, സാമ്പത്തിക, മാനുഷിക, വിദ്യാഭ്യാസ
പരമായ ഏതു പ്രശ്നങ്ങളും ഐക്യരാഷ്ട്രസഭ കൈകാര്യം ചെയ്യുന്നു. ആഗോളതാപന
വ്യതിയാനവും കൂടി ചർച്ചയ്ക്കായി സംഘടനയുടെ മുന്നിലുണ്ട് ഇപ്പോൾ. രണ്ടാം ലോകയുദ്ധാത്തി
ചേർന്ന് രൂപീകരിച്ച സംഘടനയാണ് ഐക്യരാഷ്ട്രസംഘടന. 1945 ഒക്ടോബർ 24 നാണ്
ലവിൽ വന്നത്. ഈ ദിനത്തിന്റെ വാർഷികമാണ് 1948 മുതൽ ഐക്യരാഷ്ട്രദിനമായി ആചരി
യുടെ ലക്ഷ്യങ്ങൾ ജനങ്ങളിൽ എത്തിക്കാനാണ് ഈ ദിനം വിപുലമായി ആചരിക്കുന്നത്. 1
നാണ് ഇന്ത്യ ഐക്യരാഷ്ട്രസഭയിൽ അംഗത്വം നേടിയത്.

## ജന്തുലോകം



# ചിരിച്ചാലും കടിക്കും

ദേഷ്യം പിടിച്ചാൽ കടിക്കും. കൂർത്ത നഖങ്ങൾകൊണ്ട് മാന്തും കിട്ടും. മൃഗങ്ങളുടെ കാര്യമാണല്ലേ. എല്ലാ മൃഗങ്ങളും അങ്ങനെത്തന്നെയാണല്ലോ. എന്നാലിത് വെറും ജീവിയല്ല. മൃഗങ്ങളിൽ ഏറ്റവും സന്തോഷമുള്ള ജീവിയെന്നും മനുഷ്യരോട് കൂട്ടുകൂടുന്ന ജീവിയുമായ ക്വോക്കയാണ്.

അതെന്തൊരു ജീവി എന്നായിരിക്കും. കംഗാരു ഉൾപ്പെടുന്ന മാക്രോപോഡ് കുടുംബത്തിലെ അംഗമാണ്. സദാ ചിരിക്കുന്ന മുഖമാണിവയ്ക്ക്. ഓസ്ട്രേലിയയിലെ ദ്വീപുകളിൽ കാണുന്ന ഇവ രാത്രിമാത്രം പുറത്തിറങ്ങുന്നവയാണ്.



## കൗതുകവിശേഷം

# ബാഗിലുണ്ട് ഹൃദയം

ഹൃദയം ഇല്ലാത്ത മനുഷ്യൻ! നിനക്ക് ഹൃദയമില്ലേ? എ
പറയുന്നതല്ലേ കേട്ടിട്ടുള്ളൂ. എന്നാൽ അങ്ങനെയൊരാൾ
വർഷമായി ഭൂമിയിൽ ജീവിക്കുന്നുണ്ട്. ഇതാണവർ. ഇംഗ്ലണ
സാൽവ ഹുസിൻ. ആ കയ്യിൽ പിടിച്ചിരിക്കുന്നതാണ് ഹൃദ
തയും രണ്ടു കുട്ടികളുടെ അമ്മയുമായ ഇവർക്ക് ഡോക്ടർ നൽ
ഹൃദയവുമായാണ് ജീവിക്കുന്നത്. ജന്മനാ ഹൃദയത്തിന് പ്രശ്നമു
ഇവർക്ക് ഏഴു കിലോഗ്രാം ഭാരമുള്ള ഒരു ബാഗു കൂടെ വേണം.
'ഹൃദയം'. ബാറ്ററി ഉപയോഗിച്ച് മോട്ടോർ പ്രവർത്തിപ്പിച്ച്, ര
ത്തിലേക്ക് പമ്പ് ചെയ്യിക്കാൻ സഹായിക്കുന്ന നിരവധി ട്യൂബുക
ഒരു ബാഗ്. അതാണിവരുടെ ഹൃദയം.

# ഹാർദം
# ാതെ പോവരുത്




വും കാലാവസ്ഥാ
നശേഷം രാജ്യങ്ങൾ
ഐക്യരാഷ്ട്രസഭ നി
ിക്കുന്നത്. സംഘടന
945 ഒക്ടോബർ 30

## സമ്മാനച്ചോദ്യം

| പട്ടിക 1 | പട്ടിക 2 |
|---|---|
| കുളനാട് | കഠിനകുളം |
| ചിത്താരി | ആക്കുളം |
| കവ്വായി | അഞ്ചുതെങ്ങ് |

ഒന്നാം പട്ടികയിലും രണ്ടാം പട്ടികയിലും ഉള്ള പേരുകൾ എന്താണെന്ന് വ്യക്തമാക്കാമോ? എന്തിനാണീ പേരുകൾ രണ്ടു പട്ടികകളായി തിരിച്ചത്. അര പേജിൽ വ്യക്തമായി എഴുതി കാഴ്ചപ്പുറത്തിനെ അറിയിക്കുക. വാട്സ്ആപ്പ് നമ്പർ : 9497172919



**വംശനാശം**

## ഇനി മലമുഴക്കിയില്ല

**അ**രുണാചൽപ്രദേശിന്റെ സംസ്ഥാനപക്ഷിയാണ് മലമുഴക്കി വേഴാമ്പൽ. എന്നാലിതിന്റെ വംശം ഇന്ന് ഏകദേശം പൂർണമായും ഇല്ലാതായി എന്നു വേണമെങ്കിൽ പറയാം. അമിതമായ വേട്ടയാടൽ തന്നെ കാരണം. ഇവിടുത്തെ ഡിബാങ്ങ് താഴ്‌വരയിലെ ജനങ്ങളുടെ മുഖ്യ ഭക്ഷണങ്ങളിൽ ഒന്നാണത്രെ വേഴാമ്പൽ മാംസം. കൂടാതെ ആദിവാസി ഉത്സവങ്ങളിൽ ഉപയോഗിക്കുന്ന പ്രധാന വസ്തു വേഴാമ്പൽ തൂവലും കൊക്കുമാണ്. ഇത് ഉത്സവത്തിന് കൃത്രിമമായി നിർമിച്ചു നൽകുന്ന ഫൗണ്ടേഷൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും വേഴാമ്പലുകളുടെ വംശം നാശത്തിന്റെ വക്കിൽ തന്നെയാണ്.

എന്നൊക്കെ
കഴിഞ്ഞ 39
ട്ടുകാരിയായ
യം. വിവാഹി
ൽകിയ കൃത്രിമ
ണ്ടായിരുന്നു.
അതിലാണ്
കതം ശരീര
ൾ അടങ്ങിയ




**ചുറ്റുപാട്**

## ഹിമാലയത്തിൽ ഉരുൾപൊട്ടില്ലേ?



കേരളത്തിൽ ചെറിയ കുന്നുകൾ പോലും മഴക്കാലത്ത് ഉരുൾപൊട്ടൽ ഭീഷണി മുഴക്കുന്നവയാണ്. അപ്പോൾ ലോകത്തിലെ ഏറ്റവും ഉയരംകൂടിയ പർവതനിരയായ ഹിമാലയത്തിൽ ഉരുൾപൊട്ടൽ ഭീഷണിയൊന്നുമില്ലേ എന്ന് നിങ്ങൾക്ക് സംശയമുണ്ടാവും. പറയാം. കേട്ടോളൂ. ഗ്രേറ്റ് ഹിമാലയം, ലസ്സർ ഹിമാലയം, ഔട്ടർ ഹിമാലയം എന്നിങ്ങനെ സമാന്തരങ്ങളായ മൂന്നു നിരകൾ ചേർന്നതാണ് ഹിമാലയം. ഇതിൽ ഏറ്റവും തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന ഔട്ടർ ഹിമാലയം അഥവാ സിവാലിക്ക് കടുപ്പം കുറഞ്ഞ പാറകൾ കൊണ്ടും ചെളിയും കൊണ്ട് രൂപപ്പെട്ടവയാണ്. ഇവിടെ ഉരുൾപൊട്ടലും ഭൂകമ്പങ്ങളും സ്ഥിരമാണ്.



# ജസ്റ്റിസ് ഫോർ ഹാഷ്ടാഗ്

**റിയ ജാസ്മിൻ വി എസ്**
10 എ, ദേശബന്ധു ഹയർ സെക്കൻഡറി സ്കൂൾ
തച്ചമ്പാറ, പാലക്കാട്.



ചിത്രീകരണം : **ശ്രീഹരി കെ,** 5 ാം തരം, എസ്.എം.യു.പി.എസ്. മലപ്പുറം

"**പു**തിയ രണ്ടുപേർ വന്നത് കണ്ടില്ലേ, ഇത്തിരി നീങ്ങി കൊടുക്ക്..!"

"ഇനിയെങ്ങോട്ട് മാറാനാ...!"

"പാവം ആത്മഹത്യയായിരുന്നു...!"

"ദൈവമേ...! രോഗിയായിരുന്നെന്നോ...!"

"തിക്കല്ലേ, ദേ ആ കുഞ്ഞുങ്ങൾക്ക് ശ്വാസം മുട്ടുന്നു."

"അങ്ങോട്ട് പോവണ്ട... അവർ ആരെയും അടുപ്പിക്കില്ല... ആസിഡ് കേസുകൾ ആണ്."

"ദേ ആ അമ്മ വിളിക്കുന്നുണ്ട്... അവിടെ ഒട്ടും സ്ഥലമില്ലെന്ന്..!"

ആ ഇത്തിരി സ്ഥലത്ത് അവരും ഇരുന്നു. നിറം കെട്ടുപോയ ഒരായിരം ജീവിതങ്ങളുടെ നിലവിളി കണ്ട് വിങ്ങിക്കരയാൻ മറന്നുപോയ അവരുടെ ചുണ്ടുകളിൽ ചത്ത സ്വപ്നങ്ങളുടെ നിഴൽ പതിച്ചൊരു മന്ദഹാസം വെറുതെ വിടർന്നു.

നെടുവീർപ്പുകൾക്കും നിരന്തരമായ നീർത്തുള്ളികൾക്കുമപ്പുറം, എല്ലാ കണ്ണുകളിലും നിറയുന്ന പ്രതീക്ഷയുടെ അമിതഭാരം കണ്ട് പാവം ഹാഷ്ടാഗ് നീതിക്കായി നിശ്ശബ്ദം കരഞ്ഞു.

ഇതൊന്നുമറിയാതെ ആളുകൾ പോരാടിക്കൊണ്ടേയിരുന്നു, ആഴ്ചകൾക്കപ്പുറം നീളാത്ത പൊള്ളയായ യുദ്ധങ്ങളിൽ ആർക്കോ വേണ്ടി അവനും പങ്കുചേർന്നു.

ഞാറ്റടി നിങ്ങളുടെ സ്വന്തം പേജുകളാണ്. നിങ്ങളുടേത് മാത്രമായ രചനകൾ അയയ്ക്കൂ.
വിലാസം: ഞാറ്റടി, യുറീക്ക, ചാലപ്പുറം, കോഴിക്കോട്–673002

# പട്ടുടുപ്പ്

**ദ്യുതി ദീക്ഷ**
7, എസ് എം എം ഹയർ സെക്കൻഡറി സ്കൂൾ, പഴമ്പാലക്കോട്, പാലക്കാട്

വർണങ്ങൾ ചാലിച്ച പട്ടുടുപ്പ്
ഭംഗിയായ് നെയ്തൊരീ പട്ടുടുപ്പ്
ആരാണു തന്നതീ പട്ടുടുപ്പ്
ആയിരം നിറമുള്ള പട്ടുടുപ്പ്

മാതാവ് തന്നതല്ലീയുടുപ്പ്
മേഘങ്ങൾ തന്നതല്ലീയുടുപ്പ്
കാലങ്ങൾ തയ്ച്ചതാണീയുടുപ്പ്
പ്രകൃതിയുടുക്കുന്ന പട്ടുടുപ്പ്



ചിത്രീകരണം : **ഫാത്തിമ റിയ,** 4 എ, എൻ.എം.എ. അൽ.പി.എസ്. മലപ്പുറം

---

# അമ്മാവൻ സമ്മാനിച്ചത്

**ഫാരിജാൻ എ**
8 എ, ഗവ. ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ, ആലത്തൂർ, പാലക്കാട്

അസൂയക്കാരായ കുറച്ചു പൂവുകൾ
പ്രതീക്ഷിക്കാതെയെത്തിയ
അതിഥികളെ നോക്കി നിന്നു.
നീലനിറമാക്കപ്പെട്ട ഉപ്പും
തുടുത്ത നിറമാക്കപ്പെട്ട തേങ്ങാച്ചുണ്ടിയും
മുഖത്തോട് മുഖം നോക്കിയൊന്ന് ചിരിച്ചു.
ഇതുകണ്ട ജമന്തിപ്പൂവൊന്ന് ഞരങ്ങി.
അമ്മാവൻ ഗേറ്റ് കടന്ന് വന്നു
ഉണ്ണിക്കൊരു പൊതി കൊടുത്തുകൊണ്ട്
എന്തോ പറഞ്ഞു.
ഉണ്ണി വന്ന് ജമന്തിപ്പൂവിനെയെടുത്തു മാറ്റി
അവിടം കളർപൊടി വിതറി.
പാവം ജമന്തിപ്പൂവ്
വിങ്ങിപ്പൊട്ടി



ചിത്രീകരണം : **റിദിൻ മുഹമ്മദ് ആർ.കെ,** 2 എ, എൻ.എം.എ.എൽ.പി.എസ്., കെ.പുരം, താനൂർ, മലപ്പുറം

# ഒരു രസികൻ സിനിമ

**ധീരജ് ആർ**
8ഡി, ജി എച്ച് എച്ച് എസ് കടവല്ലൂർ, കടവല്ലൂർ പി ഒ, തൃശ്ശൂർ – 680543

ലോകസിനിമയ്ക്ക് ഏറ്റവും കൂടുതൽ പ്രചോദനം നൽകിയ ചരിത്ര സംഭവം ഏതാണ്? അത് രണ്ടാം ലോകയുദ്ധം ആയിരിക്കും. തീരാത്ത വേദനകളുടേയും കൊടുംക്രൂരതകളുടേയും എത്രയോ കഥകൾ.. നിഷ്കളങ്കരായ മനുഷ്യരുടെ ജീവിതവും സ്വപ്നങ്ങളും നശിപ്പിച്ച ഈ യുദ്ധത്തെക്കുറിച്ച് ഒരുപാട് പുസ്തകങ്ങൾ ഇറങ്ങിയിട്ടുണ്ട്. അതുപോലെ തന്നെ സിനിമകളും. ചരിത്രവും ഭാവനയും ഒത്തുചേർന്ന ഇവയിൽ പലതും നമ്മുടെ കണ്ണു നനയ്ക്കുന്നവയാണ്.




എന്നാൽ നമ്മെ ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന യുദ്ധ സിനിമകളുമുണ്ട്. അതിൽ ഒന്നാണ് 'ജോജോ റാബിറ്റ്'. 2019ലെ മികച്ച അവലംബിത തിരക്കഥയ്ക്കുള്ള ഓസ്കാർ പുരസ്കാരം ഈ സിനിമയ്ക്ക് ആയിരുന്നു.

നാസിസത്തെ സ്നേഹിക്കുന്ന, ഹിറ്റ്ലറെ ആരാധിക്കുന്ന പത്തു വയസ്സുകാരനായ ജോജോ ആണ് സിനിമയിലെ നായകൻ. അഡോൾഫ് ഹിറ്റ്ലർ സാങ്കൽപികമായി പലപ്പോഴും അവന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. അതിരസികനായ കഥാപാത്രമാണ് ഈ ഹിറ്റ്ലർ. ക്രൂരനും ബുദ്ധിശൂന്യനുമായ ഹിറ്റ്ലർ ഇങ്ങനെ തമാശക്കാരനാകുന്നത് രസകരമാണ്.

കുട്ടികളെ യുദ്ധമുറകൾ പഠിപ്പിക്കുന്ന ക്യാമ്പിൽവച്ച് സഹപാഠികൾ ജോജോയെ 'ജോജോ റാബിറ്റ്' എന്നുവിളിച്ച് കളിയാക്കുന്നു. അവന്റെ മനസ്സ് തകർന്നുപോയി. അപ്പോൾ ഹിറ്റ്ലർ വന്ന് അവനിൽ ആത്മവിശ്വാസം നിറയ്ക്കുന്നു. ഈ ആത്മവിശ്വാസത്തിന്റെ ഊർജം അവനെ അപകടത്തിൽ പെടുത്തുന്നത് ചിരിക്കാതെ കണ്ടിരിക്കാനാവില്ല.

ജോജോ അവന്റെ അമ്മയോടൊപ്പം താമസിക്കുമ്പോഴാണ് അവന്റെ ജീവിതം ആകെ മാറിമറയുന്നത്. അമ്മ വീട്ടിൽ ഒരു ജൂതപെൺകുട്ടിയെ രഹസ്യമായി താമസിപ്പിക്കുന്നത് അവനറിയുന്നു. ജൂതരെ എതിർക്കുന്ന നാസിസത്തിൽ വിശ്വസിക്കുന്ന അവന്റെ വീട്ടിൽതന്നെ ഒരു ജൂത സ്ത്രീ! അത് അവന് സങ്കൽപിക്കാൻ കഴിയുന്നില്ല. ഹിറ്റ്ലർ പലപ്പോഴായി പ്രത്യക്ഷപ്പെട്ട് ജൂതന്മാർക്ക് എതിരെ സംസാരിക്കുന്നുണ്ട്. അവനിൽ യുദ്ധചിന്ത വളർത്തുന്നത് ഹിറ്റ്ലർ ആണ്. എന്നാൽ അവന്റെ അമ്മ പറയുന്നത്, ജീവിതം യുദ്ധത്തിൽ നശിപ്പിക്കാനുള്ളതല്ല എന്നാണ്. അത് ആഘോഷിക്കാൻ ഉള്ളതാണ്. ജോജോ ആശയക്കുഴപ്പത്തിലാകുന്നു. ഒപ്പം തന്നെ വീട്ടിലെ ജൂതപ്പെൺകുട്ടിയോട് അവൻ അടുക്കുകയും ചെയ്യുന്നു. അവർ തമ്മിലുള്ള സംസാരവും ചിരിപ്പിക്കാൻ വകയുള്ളതാണ്.


സിനിമയിൽ ഉടനീളമുള്ളത് നർമരസം ആണെങ്കിലും ആ കാലഘട്ടത്തിന്റെ ഭീകരത നമുക്ക് മനസ്സിലാവും. യുദ്ധമുണ്ടായാൽ നമുക്ക് നഷ്ടപ്പെടുന്നത് ജീവിതത്തിലെ സന്തോഷം തന്നെയെന്ന് ഉറപ്പിച്ചു പറയുന്ന സിനിമയാണ് ജോജോ റാബിറ്റ്.

ചിത്രീകരണം: **അഫ്റിൻ ആർ.കെ**, 8 ഡി, ഡി.ജി.എച്ച്.എസ്.എസ്. താനൂർ, മലപ്പുറം

# അതിജീവനത്തിന്റെ വേനലവധി

**ദർശന എ,** 4 ബി, ജി എൽ പി സ്കൂൾ, വാടാനക്കുറുശ്ശി, തൃശ്ശൂർ

പ്രതീക്ഷയോടെ കാത്തിരുന്ന
മാർച്ച് മാസം
വേനലവധിക്കു ഞങ്ങളെ ഒരുക്കും മാസം
പരീക്ഷയില്ല വേർപിരിയൽ ചടങ്ങുമില്ല
ഭീതിയുമായ് വന്നെത്തി, കൊറോണക്കാലം
സ്കൂളടച്ച വീട്ടിലായി
കൂട്ടൊഴിഞ്ഞു ഞങ്ങൾ
കൂട്ടുചേർന്നു കളിയില്ല, കലഹവുമില്ല.
യാത്രയില്ല, സിനിമയില്ല
വിനോദമില്ല
വേലയോ പൂരമോ ഉത്സവങ്ങളില്ല.
അകലം പാലിച്ച്
കൈകഴുകി കണ്ണിമുറിക്കാം
നമ്മൾക്കൊന്നായി നേരിടാം
മഹാമാരിയേ
ഇന്നു നമ്മൾ കരുതലോടെ വീട്ടിലിരുന്നാൽ
ഇനിവരുന്നു നമുക്കുളള നല്ല ദിനങ്ങൾ..




ചിത്രീകരണം: **സ്വാതി സരീഷ്,** 5 ബി, സെന്റ്മേരീസ് സ്കൂൾ, കാഞ്ഞിരപ്പള്ളി, കോട്ടയം.

---



ചിത്രീകരണം : **തൻമയ എം.,** 4 ാം തരം, എ.യു.പി.എസ്. വെറൂർ, എടപ്പാൾ, മലപ്പുറം

# മുള്ള്

**ആര്യകൃഷ്ണ ബി.ആർ**
9 ജി, ഇരിങ്ങണ്ണൂർ ഹയർസെക്കന്ററി സ്കൂൾ, വടകര, കോഴിക്കോട്.

ഇടവഴി
അതിലൂടെ അവൾ നടന്നു
കാലിൽ തുളച്ചു കയറിയ
ഒരു മുള്ള്
നീറ്റലോടെ
എടുത്തു കളഞ്ഞു
തിരിഞ്ഞു നോക്കാതെ
വീണ്ടും അവൾ
മുന്നോട്ട്.

# ശക്തിയുടെ കവിയെ പരിചയപ്പെട്ടാലോ?



**ലിജിഷ എ ടി**

ചിത്രീകരണം: കെ.സതീഷ്

കൂട്ടുകാരേ, ഇന്നു നമുക്ക് പ്രശസ്ത കവി ഇടശ്ശേരി ഗോവിന്ദൻ നായരെ ഒന്നു പരിചയപ്പെട്ടാലോ, അനുച്ചേച്ചി 'സന്ധ്യാനേര'ത്ത് കുട്ടികളോട് ചോദിച്ചു. കൊറോണക്കാലത്ത് വീട്ടിലടച്ചു പൂട്ടിയിരുന്ന് മടുത്ത അനുച്ചേച്ചി കണ്ടുപിടിച്ച പുതിയ പരിപാടിയായിരുന്നു 'സന്ധ്യാനേരം'. അനുച്ചേച്ചിയുടെ വീടിന്റെ ടെറസിൽ വൈകുന്നേരമാണ് പരിപാടി. തൊട്ടടുത്ത വീട്ടിലെ കുട്ടികളൊക്കെ സന്ധ്യാനേരത്തിൽ പങ്കെടുക്കാൻ വരും. എല്ലാവരും സാമൂഹ്യ അകലം പാലിച്ചാണ് ഇരിക്കുക. അനുച്ചേച്ചി ഓരോ ദിവസം ഓരോ വ്യക്തികളെയാണ് പരിചയപ്പെടുത്തുക. അതിൽ കവികളും കഥയെഴുത്തുകാരും ചരിത്രമെഴുത്തുകാരും ശാസ്ത്രജ്ഞരുമൊക്കെയുണ്ടാവും. ഇന്ന് അനുച്ചേച്ചി തിരഞ്ഞെടുത്തിരിക്കുന്നത് കവി ഇടശ്ശേരി ഗോവിന്ദൻ നായരെയാണ്.



അനു ച്ചേച്ചി ആരംഭിച്ചു,

'1906 ഡിസംബർ 23 ാം തിയ്യതി ഇടശ്ശേരിക്കളത്തിൽ കുഞ്ചുകുട്ടിയമ്മയുടെയും പി. കൃഷ്ണക്കുറുപ്പിന്റെയും മകനായിട്ടാണ് ഇടശ്ശേരി ഗോവിന്ദൻ നായർ ജനിക്കുന്നത്. 12–ാം വയസ്സു മുതൽ അദ്ദേഹം കവിതയെഴുതുമായിരുന്നു.'അനുച്ചേച്ചി തുടർന്നു. എട്ടാംക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഇടശ്ശേരിയുടെ അച്ഛൻ മരണപ്പെടുന്നത്. അതോടെ അദ്ദേഹത്തിന്റെ സ്കൂൾ വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടി വന്നു. ദാരിദ്ര്യത്തിൽ മുങ്ങിപ്പോയ കുടുംബത്തെ സംരക്ഷിക്കാൻ വെറും 14 വയസു പ്രായം മാത്രമുള്ള ഇടശ്ശേരി തന്റെ ഒരകന്ന ബന്ധുവായ ശങ്കരൻ നായരോടൊപ്പം വക്കീൽ ഗുമസ്തപ്പണി പഠിക്കാൻ ആലപ്പുഴയിലേക്ക് പോയി. ജോലി ചെയ്ത് ആദ്യമായി ലഭിച്ച രണ്ടുറുപ്പിക അദ്ദേഹം അമ്മയ്ക്കു കമ്പിളിപ്പുതപ്പു വാങ്ങിക്കാൻ ഒരു കൂട്ടുകാരന്റെ കയ്യിൽ കൊടുത്തുവിട്ടു. പക്ഷേ, നിർഭാഗ്യവശാൽ ആ കൂട്ടുകാരനിൽ നിന്നും പണം വാങ്ങുന്നതിനു മുമ്പെ, വസൂരിരോഗം ബാധിച്ച് കിടപ്പിലായിരുന്ന അമ്മ മരിച്ചുപോയി. ആ സംഭവം അദ്ദേഹത്തെ വല്ലാതെ മുറിവേൽപ്പിച്ചു. 'ബിംബിസാരന്റെ ഇടയൻ ' എന്ന കവിതയിൽ അദ്ദേഹം ഈ സംഭവത്തെക്കുറിച്ചു സൂചിപ്പിക്കുന്ന ചില വരികൾ എഴുതിയിട്ടുണ്ട്. അനുച്ചേച്ചി നല്ല ഈണത്തിൽ ആ വരികൾ ചൊല്ലി;

*അവൾക്കു കുളിരിനു കമ്പിളി നേടി*
*പിന്നീടെന്നോ ഞാൻ ചെൽകെ,*
*ഒരട്ടി മണ്ണു പുതച്ചു കിടപ്പൂ*
*വീടാക്കടമേ മമ ജന്മം.*

അമ്മയോടുള്ള കവിയുടെ സ്നേഹവും ആദരവും നിറഞ്ഞു നിൽക്കുന്ന കവിതയായിരുന്നു അത്. അനുച്ചേച്ചി തുടർന്നു.

1929ൽ കോഴിക്കോടെത്തിയ അദ്ദേഹം തലശ്ശേരി കുഞ്ഞിരാമൻ വക്കീലിന്റെ ഗുമസ്തനായി ജോലി ചെയ്തു. 1934ൽ അഡ്വക്കേറ്റ് കെ. വി രാമൻ മേനോന്റെ ഗുമസ്തനായി നിയമിതനായ അദ്ദേഹം ജീവിതാന്ത്യം വരെ ആ ജോലി തുടർന്നു.

എട്ടാം ക്ലാസിൽ വെച്ച് സ്കൂൾപഠനം നിർത്തേണ്ടി വന്നെങ്കിലും അദ്ദേഹം ജീവിതാന്ത്യം വരെ സ്വയം പഠിച്ചുകൊണ്ടേയിരുന്നു. മലയാളത്തിനു പുറമെ ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം, ഹിന്ദി എന്നീ ഭാഷകളിലും അദ്ദേഹത്തിന് നല്ല അറിവുണ്ടായിരുന്നു. ഗുമസ്തപ്പണിയിൽ തുടരുമ്പോൾ തന്നെ അദ്ദേഹം അതി മനോഹരമായ കവിതകളെഴുതി മലയാളത്തിലെ പകരം വെയ്ക്കാനില്ലാത്ത കവിയായിത്തീർന്നു. അദ്ദേഹത്തിന്റെ ഭാര്യ ഇക്കണ്ടി ജാനകിയമ്മയും സാഹിത്യാഭിരുചിയുള്ള വ്യക്തിയായിരുന്നു. അവരുടെ പ്രോത്സാഹനവും കാവ്യജീവിതത്തിൽ ഇടശ്ശേരിയ്ക്ക് വലിയ

പ്രചോദനമായി. 1941 ൽ പ്രസിദ്ധീകരിച്ച 'അളകാവലി'യാണ് ഇടശ്ശേരിയുടെ ആദ്യത്തെ കവിതാസമാഹാരം. കറുത്ത ചെട്ടിച്ചികൾ, പുത്തൻകലവും അരിവാളും, കാവിലെ പാട്ട്, ഒരു പിടി നെല്ലിക്ക, അന്തിത്തിരി തുടങ്ങിയവയാണ് ഇടശ്ശേരിയുടെ പ്രധാനപ്പെട്ട കവിതാസമാഹരങ്ങൾ. ജൻമി– കുടിയാൻ വ്യവസ്ഥയോടുള്ള കലഹവും സ്വാതന്ത്ര്യബോധവും വിപ്ലവവുമെല്ലാം നിറഞ്ഞു നിൽക്കുന്ന ഇടശ്ശേരിയുടെ കവിതകളെ 'എല്ലുറപ്പുള്ള കവിതകൾ' എന്നാണ് സാഹിത്യലോകം വിശേഷിപ്പിക്കുന്നത്. ജീവിതത്തിലെ യാഥാർഥ്യങ്ങളും




ദാരിദ്ര്യവും ഉച്ചനീചത്വങ്ങളുമെല്ലാം അതിശക്തമായ ഭാഷയിൽ അവതരിപ്പിക്കുന്നതുകൊണ്ടു തന്നെ 'ശക്തിയുടെ കവി' എന്നും അദ്ദേഹത്തെ വിശേഷിപ്പിക്കാറുണ്ട്.

കറുത്ത ചെട്ടിച്ചികൾ എന്ന കവിതാസമാഹാരത്തിലെ പൂതപ്പാട്ട്, കുറ്റിപ്പുറം പാലം, നെല്ലുകുത്തുകാരി പാറുവിന്റെ കഥ തുടങ്ങിയ കവിതകൾ കൂട്ടുകാർ തീർച്ചയായും വായിച്ചിരിക്കേണ്ട കവിതകളാണ്. അനുചേച്ചി നിർത്തി.

"പൂതപ്പാട്ടും, കുറ്റിപ്പുറം പാലവും ഞങ്ങൾക്ക് പഠിക്കാനുണ്ടായിരുന്നു." ശാരികക്കുട്ടി വിളിച്ചു പറഞ്ഞു. 'നിങ്ങളെല്ലാരും വായിക്കണം ട്ടോ ഇടശ്ശേരിക്കവിതകൾ', എന്നു പറഞ്ഞ് അനുചേച്ചി വീണ്ടും തുടർന്നു.

കാവിലെപ്പാട്ട് എന്ന കവിതാസമാഹാരത്തിനാണ് 1969ൽ അദ്ദേഹത്തിന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിക്കുന്നത്. ഒരു പിടി നെല്ലിക്ക എന്ന കവിതാസമാഹാരത്തിന് 1971ൽ കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. കൂട്ടുകൃഷി, പുത്തൻകലവും അരിവാളും എന്നീ കൃതികൾ മദ്രാസ് സർക്കാറിന്റെ പുരസ്കാരങ്ങളും നേടി. കവിതകൾക്കു പുറമെ ഏകാംഗ നാടകങ്ങളും ഇടശ്ശേരി ഗോവിന്ദൻ നായർ എന്ന അതുല്യപ്രതിഭ രചിച്ചിട്ടുണ്ടായിരുന്നു. ഇടശ്ശേരി നാടകങ്ങളിൽ ഏറ്റവും പ്രശസ്തം കൂട്ടുകൃഷി എന്ന നാടകമാണ്. ദേശീയബോധവും ജാതിമതചിന്തകൾക്കതീതമായ സാമൂഹ്യ പ്രസക്തിയുമുള്ള വിഷയങ്ങളായിരുന്നു അദ്ദേഹത്തിന്റെ നാടകങ്ങളുടെ പ്രത്യേകത.

1974 ഒക്ടോബർ 16ന് ഇടശ്ശേരി ഗോവിന്ദൻ നായർ എന്ന മഹാപ്രതിഭ അന്തരിച്ചു. പക്ഷേ, രചനകളിലൂടെ ഇന്നും അദ്ദേഹം നമ്മുടെയെല്ലാം മനസ്സിൽ ജീവിക്കുന്നു. നമുക്കെല്ലാം ഒരു മാതൃകയാണ് അദ്ദേഹം. എട്ടാം ക്ലാസിൽ വെച്ച് സ്കൂൾ പഠനമവസാനിപ്പിക്കേണ്ടി വന്നിട്ടും അദ്ദേഹം സ്വയം പഠിച്ച് പല ഭാഷകൾ നിഷ്പ്രയാസം കൈകാര്യം ചെയ്യാനാവുന്ന മനുഷ്യനായില്ലേ, അതു പോലെ നിങ്ങളും ഈ കൊറോണക്കാലത്ത് സ്വയം പഠിക്കണം. സ്കൂളില്ലാന്ന് കരുതി ആരും ഉഴപ്പരുത്.. ഓൺലൈൻ ക്ലാസിൽ കേറുകയും വർക്കുകൾ കൃത്യമായി ചെയ്യുകയും വേണം.. ചെയ്യില്ലേ കൂട്ടുകാരേ...

"ചെയ്യും.. ചെയ്യും.." എല്ലാവരും ഉറക്കെ വിളിച്ചു പറഞ്ഞു. അതോടെ അന്നത്തെ സന്ധ്യാനേരത്തോട് വിട പറഞ്ഞ് എല്ലാവരും ഇടശ്ശേരിക്കവിതകൾ തപ്പിയെടുത്തു വായിക്കാനുള്ള ധൃതിയോടെ വീട്ടിലേക്കോടി.



പ്രേമജ ഹരീന്ദ്രൻ

15

ചിത്രീകരണം: റോഷൻ




"പാണ്ടൻനായയുടെ പല്ലിന് ശൗര്യം പണ്ടേപോലെ ഫലിക്കുന്നില്ല."

രാഹുലും കൂട്ടരും പോസ്റ്റ്മാൻ മത്തായിച്ചേട്ടന്റെ പിറകെയാണ്.

ഇവനെന്തൊരു കുട്ടിയാണ്! എപ്പോഴും ആരെയെങ്കിലും കളിയാക്കിക്കൊണ്ടിരിക്കണം.

പാവം പോസ്റ്റ്മാൻ മത്തായിച്ചേട്ടൻ! ദേഹം മുഴുവൻ വെള്ളപ്പാണ്ടാണ്. കണ്ടാൽ സങ്കടം തോന്നും. അദ്ദേഹത്തെ കളിയാക്കിയാണ് പാണ്ടൻനായ എന്ന പേര് വിളിക്കുന്നത്. കഷ്ടം! പക്ഷേ, മത്തായിച്ചേട്ടൻ അവരെ ഗൗനിക്കുന്നത് കൂടിയില്ല.

"നിങ്ങക്കൊന്നും വേറെ പണിയില്ലേ? ഇതെന്തിനാണിങ്ങനെ എല്ലാരേം കളിയാക്കുന്നത്?"

രാഹുലും കൂട്ടരും അടുത്തെത്തിയപ്പോൾ സുപ്പു ചോദിച്ചു പോയി.

അതു കേൾക്കാത്ത ഭാവത്തിൽ അവർ പിന്നെയും മത്തായിച്ചേട്ടനെ കൂക്കിവിളിക്കാൻ തുടങ്ങി.

"അവര് വിളിച്ചോട്ടെ കുഞ്ഞേ, എനിക്കെന്താ? ഒരു കുഴപ്പവുമില്ല." ചിരിച്ചുകൊണ്ടുതന്നെ മത്തായിച്ചേട്ടൻ പറഞ്ഞു.

"ഇതാ സുപ്പുവിനൊരു കത്തുണ്ടല്ലോ."

സുപ്പു ആകാംക്ഷയോടെ കത്തു വായിച്ചു തുടങ്ങിയപ്പോഴേക്കും തൊട്ടപ്പുറത്തുനിന്ന് ഒരു നിലവിളി കേട്ടു. രാഹുലിന്റേതാണ്.

എല്ലാവരും അങ്ങോട്ടോടി.

"അശ്രദ്ധമായി റോഡു മുറിച്ചുകടന്നതാ ആ കുട്ടി."

ആളുകൾ ഒച്ചയിടാൻ തുടങ്ങി. ഒരാൾ ബൈക്കിൽ നിന്നിറങ്ങി പേടിയും ദൈന്യതയും കലർന്ന സ്വരത്തിൽ പറഞ്ഞു.

"എന്റെ തെറ്റല്ല. കുട്ടി ശ്രദ്ധിച്ചില്ല."

"സാരമില്ല. വന്നത് വന്നു. വേഗം ഇവനെ നമുക്ക് ആസ്പത്രിയിലെത്തിക്കണം." മത്തായിച്ചേട്ടനാണ് പറഞ്ഞത്. ആ വഴി പോയ ഒന്നുരണ്ട് വാഹനങ്ങൾക്ക് അദ്ദേഹം കൈകാട്ടുകയും ചെയ്തു. ആരും നിർത്തിയില്ല.

രാഹുലിന്റെ കാൽമുട്ട് പൊട്ടി ചോരയൊഴുകുകയാണ്. എഴുന്നേൽക്കാനാവുന്നില്ല. വേദനകൊണ്ട് പുളയുന്ന അവനെ മത്തായിച്ചേട്ടൻ ആശ്വസിപ്പിക്കുന്നത് സുപ്പു അത്ഭുതത്തോടെ നോക്കി നിന്നു. അൽപ്പസമയം മുമ്പ് തന്നെ കൂക്കിവിളിച്ച് പരിഹസിച്ചയാളോട് എത്ര കരുണയോടെയാണ് അദ്ദേഹം പെരുമാറുന്നത്!

ഒരു കാർ നിർത്തിക്കിട്ടിയപ്പോൾ മത്തായിച്ചേട്ടനും മറ്റു രണ്ടുപേരും കൂടി രാഹുലിനെ അതിൽ

### തിരുത്ത്

ആഗസ്റ്റ് 16 – സെപ്റ്റംബർ 1 ലക്കത്തിൽ പ്രസിദ്ധീകരിച്ച കുറുക്കന്റെ സങ്കടം എന്ന കഥ പ്രേമജ ഹരീന്ദ്രൻ എഴുതിയതാണ്. പി വി സന്തോഷ് എന്ന് ചേർത്തത് സാങ്കേതികമായി വന്നുചേർന്ന ഒരു പിഴവാണ്. തെറ്റ് പറ്റിയതിൽ കഥാകാരിയോട് ക്ഷമ ചോദിക്കുന്നു.

പത്രാധിപർ

കയറ്റി. വണ്ടി വിട്ടുപോയപ്പോൾ സുപ്പു വീട്ടിലേക്ക് നടന്നു. വീട്ടിലെത്തിയ ഉടനെ കയ്യിലുള്ള കത്ത് ഒന്നുകൂടി ശ്രദ്ധിച്ച് വായിക്കാൻ തുടങ്ങി.

*പ്രിയപ്പെട്ട മോനേ,*

*നീ നന്നായി പഠിക്കുന്നുണ്ടല്ലോ? എല്ലാ വിഷയവും രസിച്ച് പഠിക്കണം. വെറുതെ മനഃപാഠമാക്കാനായി പഠിക്കരുത്. അറിയാനായി പഠിക്കുക. പരീക്ഷയ്ക്ക് വേണ്ടിയാകരുത് പഠനം. പകരം നമ്മുടെ ജീവിതത്തിൽ എപ്പോഴെങ്കിലും ആർക്കെങ്കിലും ഉപകരിക്കുന്നവയായിരിക്കണം നീ സ്വായത്തമാക്കുന്ന ഓരോ അറിവിന്റെ ചെറുതുള്ളിയും.*

*എല്ലാരോടും നന്നായി പെരുമാറണം. നല്ല കുട്ടിയാവണം നിന്റെ കൂടെത്തന്നെ എന്നും ഞാനുണ്ട്. നീ വായിക്കാൻ ആഗ്രഹം പറഞ്ഞ രണ്ടുപുസ്തകങ്ങൾ നാളെ അയക്കുന്നുണ്ട്.*

*നിന്റെ സ്വന്തം പടച്ചോൻ*



**എല്ലാ വിഷയവും രസിച്ച് പഠിക്കണം. വെറുതെ മനഃപാഠം പഠിക്കാനായി പഠിക്കരുത്.**

വായിച്ചുകഴിഞ്ഞ് കത്ത് മടക്കി സുപ്പു പെട്ടിയിലേക്ക് വെച്ചു. ഇപ്പോഴവനറിയാം ഇതയക്കുന്നത് പടച്ചോനല്ലെന്ന്. പക്ഷേ, പടച്ചോനെപ്പോലെ ഒരാളുണ്ട്. തന്റെ എല്ലാ സങ്കടങ്ങളും മനസ്സിലാക്കുന്ന നേർവഴിയിലേക്ക് നയിക്കുന്ന, കൂടെത്തന്നെ നിന്ന് ആശ്വസിപ്പിക്കുന്ന ഒരാൾ.

'ഞാനാണ് നിന്റെ പടച്ചോനെ'ന്ന് പറഞ്ഞ് എന്നെങ്കിലും അയാൾ തന്റെ മുമ്പിലേക്ക് വരുമെന്ന് സുപ്പു പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

*(തുടരും)*

(മൈലെൻ കോൺസ്റ്റാന്റിനോവ്സ്കിയുടെ കൃതിയെ ആധാരമാക്കി)



# ജലതന്മാത്രകൾ പരസ്പരം കൂട്ടിച്ചേരുന്നതെങ്ങനെ?

**പുനരാഖ്യാനം: ഡോ. സംഗീത ചേനംപുല്ലി**

ചിത്രീകരണം: കെ.സതീഷ്

പൂജ്യം ഡിഗ്രിക്ക് ഏറെ താഴെ, അതായത് 183 ഡിഗ്രി താഴെ ഓക്സിജൻ തന്മാത്രകളും, 196 ഡിഗ്രി താഴെ, നൈട്രജൻ തന്മാത്രകളും ദ്രാവകമായി മാറുന്നു. നീരാവിയോ പൂജ്യം ഡിഗ്രിക്ക് മുകളിൽ നൂറാമത്തെ ഡിഗ്രിയിലാണ് ദ്രാവകമാകുന്നത്. അതുപോലെ നൈട്രജനും ഓക്സിജനും ഖരമാകുന്നതിന് ഏറെ മുൻപ് പൂജ്യം ഡിഗ്രിയിൽ ജലം ഐസായി മാറുന്നു.





എന്തുകൊണ്ടാണിത്? ജലബാഷ്പ തന്മാത്രകൾ വായുവിലുള്ള ഓക്സിജൻ, നൈട്രജൻ കാർബൺ ഡയോക്സൈഡ് എന്നിവയേക്കാൾ പതുക്കെ നീങ്ങുന്നത് കൊണ്ടാണോ? എന്നാൽ യഥാർത്ഥത്തിലുള്ള അവസ്ഥ നേരെ തിരിച്ചാണ്. ഓക്സിജൻ തന്മാത്രയുടെയും നൈട്രജൻ തന്മാത്രയുടെയും ഏതാണ്ട് പകുതി മാത്രം ഭാരമുള്ള ജലത്തിന്റെ തന്മാത്രകൾക്ക് വേഗത കൂടുതലാണ്. കാർബൺഡയോക്സൈഡിന്റെ കാര്യം പറയാനുമില്ല. ഓക്സിജന്റെയും നൈട്രജന്റെയും കാർബൺഡയോക്സൈഡിന്റെയും അതേ സ്വഭാവമായിരുന്നു വെള്ളത്തിനുമെങ്കിൽ ഭൂമിയിലെ വെള്ളമെല്ലാം എപ്പോഴേ നീരാവിയായി അപ്രത്യക്ഷമായേനെ! പക്ഷേ, അതല്ല അവസ്ഥ എന്ന് നമുക്കറിയാം.

അപ്പോൾപ്പിന്നെ അതിഭീമമായ വേഗതയെ അതിജീവിച്ച്, പരസ്പരം പറ്റിപ്പിടിച്ച് തുള്ളികളും

പരലുകളും ആയി മാറാൻ ജലതന്മാത്രകളെ സഹായിക്കുന്ന എന്തെങ്കിലുമൊരു ബലം നിലനിൽക്കുന്നുണ്ടാവണം. ഈ ബലം കാരണം ജലതന്മാത്രകൾ കൂട്ടിമുട്ടുമ്പോൾ പരസ്പരം അകന്നുപോകുന്നതിനു പകരം തമ്മിൽ തൊട്ടുനിൽക്കുന്നു. തൊടുമ്പോൾ തന്നെ അവ തമ്മിൽ ഒട്ടിച്ചേരുകയും പിന്നീട് വേർപെടുത്തണമെങ്കിൽ വലിയ ബലം പ്രയോഗിക്കേണ്ടി വരികയും ചെയ്യുന്നു.

### യഥാർത്ഥത്തിൽ എന്താണീ ബലം?

ജലതന്മാത്രയിൽ ഉള്ള രണ്ട് ഹൈഡ്രജൻ ആറ്റങ്ങൾക്ക് അതിന്റെ അസാധാരണ സ്വഭാവത്തിൽ എന്തെങ്കിലും പങ്ക് ഉണ്ടായിക്കൂടേ? തീർച്ചയായും ഉണ്ട്. രണ്ട് ഹൈഡ്രജൻ ആറ്റങ്ങൾക്കും നമുക്ക് ടോർച്ച് ബാറ്ററിയുടെ ഒരു വശത്തുള്ള പോലെ (+ ) ചിഹ്നം കൊടുക്കാം, ഓക്സിജൻ ആറ്റത്തെ (–) ചിഹ്നം കൊണ്ടും സൂചിപ്പിക്കാം. ജലതന്മാത്രകൾക്ക് ഒരു ഇലക്ട്രിക് ചാർജ് ഉള്ളതുകൊണ്ടാണിത്. ഇലക്ട്രിക് ചാർജ് ഉള്ള രണ്ടുവസ്തുക്കൾ പരസ്പരം ആകർഷിക്കുന്നത് കാണാൻ നനവില്ലാത്ത തലയിൽ നന്നായി ഉരസിയ ഒരു ചീർപ്പ് ചെറിയ കടലാസുകഷണങ്ങൾക്ക് അരികിൽ കൊണ്ടുവന്നാൽ മതി. കടലാസുകഷണങ്ങൾ വളരെവേഗം ചീർപ്പിൽ ഒട്ടിപ്പിടിക്കുന്നു.




ജലതന്മാത്രകളെ തമ്മിൽ ഒരുമിപ്പിച്ച് നിർത്തുന്ന വൈദ്യുതബലം സാധാരണ തന്മാത്രകൾ തമ്മിലുള്ള ആകർഷണ ബലത്തെക്കാൾ വളരെ തീവ്രമായി അവയെ പരസ്പരം ചേർത്തുനിർത്തുന്നു. ഈ ആകർഷണ ബലം ഇല്ലായിരുന്നെങ്കിൽ മഞ്ഞുകട്ടകളോ, പുഴകളോ, സമുദ്രങ്ങളോ ഉണ്ടാവില്ലായിരുന്നു, കാരണം അപ്പോൾ വെള്ളം ഒരു വാതകമായിരുന്നേനെ.

(തുടരും)


## യുറീക്ക, ശാസ്ത്രകേരളം, ശാസ്ത്രഗതി

**വരിക്കാരാവൽ ഇപ്പോൾ വളരെ എളുപ്പം**

www.ksspublications.com എന്ന വെബ്സൈറ്റിൽ നിന്ന് ഓൺലൈനായി പണമടയ്ക്കാം, വരിക്കാരാവാം.

സ്കാൻ ചെയ്യൂ, വരിക്കാരാകൂ

വാർഷിക വരിസംഖ്യ

**യുറീക്ക– ₹ 300** **ശാസ്ത്രകേരളം– ₹ 200** **ശാസ്ത്രഗതി– ₹ 200**

ഓൺലൈനിൽ വായിക്കാൻ: www.magzter.com www.readwhere.com





**കത്തുകൾ അയയ്ക്കേണ്ട വിലാസം :**
യു-മെയിൽ, യുറീക്ക,
ചാലപ്പുറം,
കോഴിക്കോട്- 673002
9497172919


# എല്ലാം ഭദ്രമായുണ്ട്

**ഞാ**ൻ പരിസ്ഥിതി സംരക്ഷിക്കാൻ ശ്രമിക്കുന്നത് മരങ്ങൾ വെച്ചുപിടിപ്പിച്ചും ദോഷകരമായ രാസവസ്തുക്കളുടെ ഉപയോഗം കുറച്ചും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ഉപയോഗം നന്നേ കുറച്ചുമാണ്. തുണിസഞ്ചിയാണ് വീട്ടിലിപ്പോൾ സാധനങ്ങൾ വാങ്ങാൻ ഉപയോഗിക്കുന്നത്. പിന്നെ നമ്മൾ വാങ്ങുന്ന മിക്ക സാധനങ്ങളും പാക്ക് ചെയ്തുവരുന്നത് പ്ലാസ്റ്റിക്കിൽ തന്നെയാണ്. ഇവയെല്ലാം കൂട്ടിവച്ചാൽ പഞ്ചായത്തിൽനിന്നും വരുന്നവർ കൊണ്ടുപോവുമായിരുന്നു. പക്ഷേ, കൊറോണയായതിനാൽ ആരും വരാറില്ല. എല്ലാം ചാക്കിലാക്കി കെട്ടിവച്ചിരിക്കുകയാണ്. ഭദ്രമായി സൂക്ഷിച്ചുവച്ചിരിക്കുകയാണ്.

**ആൽവിയ അജിത്ത്,** 5 ാം തരം, ജി.യു.പി.എസ്.വേളമാനൂർ.

# പിടിയാനകൾക്കെന്താ കൊമ്പില്ലാഞ്ഞിട്ടാണോ?

**പൂ**രങ്ങളുടെ പൂരമാണ് തൃശ്ശൂർപ്പൂരം. എണ്ണിയാൽ തീരാത്തത്ര ജനത്തിരക്ക്. എന്നാൽ ആനകളുടെ കാര്യത്തിൽ ആറാട്ടുപുഴ പൂരം തന്നെയാണ് മുൻപിൽ. എഴുപതിനും എൺപതിനും ഇടയിൽ ആനകൾ അണിനിരക്കുന്ന കാഴ്ച എന്തു മനോഹരമാണ്. ആ അത്ഭുതക്കാഴ്ച ഞാൻ കണ്ടിട്ടുണ്ട്.

ഞങ്ങൾ തൃശ്ശൂർക്കാർക്ക് ആനക്കമ്പം ഏറെയാണ്. പൂരം എന്ന് കേട്ടാൽ ഞങ്ങളവിടെ എത്തും. പൂരപ്പറമ്പിലാവും പിന്നെ മുഴുവൻ സമയവും. ഞങ്ങൾ കുട്ടികൾക്ക് ആനകൾ കൗതുകമാണ്. മുൻപൊക്കെ എനിക്ക് ആനയെ പേടിയായിരുന്നു. ഒന്ന്, രണ്ട് തവണ ആനയുടെ അടുത്തുപോയി തൊട്ടപ്പോഴേക്കും പഴം തിന്നാൻ കൊടുത്തപ്പോഴേക്കും എന്റെ പേടി മാറി, ഇഷ്ടമായി.



ഇപ്പം ഏറ്റവും ഇഷ്ടം ചിറയ്ക്കൽ കാളിദാസനെയാണ്. സിനിമയിൽ അഭിനയിച്ചിട്ടുണ്ട്. കൂടെ നിന്ന് ഞാൻ ഫോട്ടോയും എടുത്തിട്ടുണ്ട്. അത് സിനിമാനടനാണല്ലോ! അതിന്റെ കൊമ്പ് എത്ര വലുതാ. തുമ്പിക്കൈ നിലംമുട്ടി നിൽക്കും. വലിയ മസ്തകവുമാണ്. ഉത്സവപ്പറമ്പിലെ ഗാംഭീര്യം നിറഞ്ഞ ഇവരുടെയൊക്കെ നിൽപ്പ് കാണുമ്പോൾ ഒരു കുഴപ്പവും ഇല്ലാന്നാണ് വിചാരിക്കുക. പക്ഷേ, അവർ എത്ര അസ്വസ്ഥരാണെന്നോ. ചിലരുടെ ചങ്ങലയിട്ട കാല് പൊട്ടിയിട്ടും ഉണ്ടാവും.

12 വർഷം കൂടുമ്പോഴാണ് ഒരു ആന പ്രസവിക്കുക. എത്ര വർഷം കൂടുമ്പോഴാണല്ലേ നമുക്ക് ഒരാനക്കുട്ടിയെ കിട്ടുന്നത്? എന്നിട്ടും നാം ആനയെ വേണ്ട രീതിയിൽ പരിപാലിക്കാറുണ്ടോ? പിടിയാനകളെ വേണ്ട രീതിയിൽ സംരക്ഷിക്കാറുണ്ടോ? അവരെ ഉത്സവങ്ങൾക്ക് വേണ്ട. പക്ഷേ, പുതിയ തലമുറ ഉണ്ടാവണമെങ്കിൽ പിടിയാനകൾ വേണ്ടേ?

**നേഹ പി.എൽ,** പുഴങ്ങോടത്ത് ഹൗസ്, മുറിയാട് പി.ഒ., തൃശ്ശൂർ – 680 683

# എന്റെ ഓമയെ ഉറുമ്പും ഓലേഞ്ഞാലിയും കൂടി കൊന്നു

മഴ വീണ്ടും വന്നു. അച്ഛനെവിടുന്നോ മൂന്ന് ഓമത്തൈകൾ എനിക്ക് കൊണ്ടുത്തന്നു. രണ്ട് ഓമകൾ ഞാൻ വീടിന്റെ പുറകുവശത്തും ഒരോമ വീടിന്റെ മുൻവശത്തുമായി നട്ടു. മുന്നിൽ നട്ട ഓമയ്ക്ക് ഒരു കാര്യം സംഭവിച്ചു. ഒരുതരം ഉറുമ്പുകൾ മഴക്കാലമാവുമ്പോൾ ഇവിടെയെല്ലാം കാണാം. പേരറിയില്ല. അവ ഓമയുടെ അടിയിൽ നിന്ന് മണ്ണ് കുഴിച്ചു കുഴിച്ചു എടുക്കും. ഏതുതരം ഉറുമ്പാണാവോ ഇത്. അങ്ങനെ ഒരു ദിവസം ഓമ ചരിഞ്ഞുപോയി. ആ ചരിഞ്ഞ ഓമയിൽ എവിടുന്നോ ഒരു ഓലേഞ്ഞാലി പാറിവന്നിരുന്നു. എന്റെ ഓമ ഒടിഞ്ഞും പോയി. പാവം എന്റെ ഓമത്തൈ.

**ജാനകി എസ്.കുമാർ,** 6 ബി, എസ്.വി.എൻ. എസ്.എസ്.യു.പി.എസ്, ആറ്റുവാശ്ശേരി, കൊല്ലം.



# അവളും ഞാനും

ഞാനും അവളും തമ്മിൽ നല്ല സുഹൃത്തുക്കളാണ്. എന്റെ പേര് തുടങ്ങുന്നത് 'ആ'യിലാണ്. അവളുടെത് 'ഇ'യിലും. നോക്കു, നല്ല ചേർച്ചയില്ലേ? അവള് ചിലപ്പോൾ വലിയ കുസൃതിക്കാരിയാണ്. എന്നാൽ എല്ലാവരോടും നന്നായി സ്നേഹമുളളവളാണ്. ഞാനും അങ്ങനെത്തന്നെയാണ്. അവളെ വല്ലാതെ സ്നേഹിച്ചെത്തിയവരെയെല്ലാം ആർക്കും കൊടുക്കാതെ അവൾ കൊണ്ടുപോയിട്ടുണ്ട്. പക്ഷേ, എന്നെപ്പോലെയുള്ള കുട്ടികളെ അവൾ കൂടെ കൊണ്ടുപോയപ്പോൾ എനിക്കവളോട് സങ്കടവും പേടിയും തോന്നിയിട്ടുണ്ട്. ഭ്രാന്തമായ ഇത്തരം സ്നേഹം അവളോട് ആർക്കും വേണ്ട, അവൾക്ക് ആരോടും വേണ്ടാ എന്നാണ് എന്റെ അഭിപ്രായം.

ഞങ്ങളുടെ പറമ്പിന്റെ ഒരറ്റത്ത് കൂടിയാണ് അവളുടെ പോക്ക്. ഞാൻ പറമ്പിലെത്തുമ്പോഴെല്ലാം അവളോട് കിന്നാരം പറയാറുണ്ട്. ചെറിയതോതിൽ ഒപ്പം കളിക്കാറുമുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ അതും ഇല്ല. ഞാൻ അവളുടെ അടുത്തേക്ക് പോയിരുന്ന പറമ്പിലെ ഭാഗം ഇടിഞ്ഞുപോയിട്ടുള്ളതുകൊണ്ടാണത്. അതുകൊണ്ട്, സുഖവിവരം മാത്രം അന്വേഷിച്ച് പോരും. ഇടയ്ക്ക് 'ഇത്തിക്കരപ്പുഴയോ' എന്ന പാട്ട് പാടിക്കൊടുക്കും. അപ്പോൾ അവൾ തുള്ളിച്ചാടി, ഓളം തല്ലും. അപ്പോൾ ഞാൻ പറയും. "പിന്നെ വരാം കൂട്ടുകാരി, എനിക്കൊത്തിരി ഇഷ്ടമാണ് നിന്നെ എന്ന്. ആരാണീ സുന്ദരിയെന്നോ?' എന്റെ പ്രിയപ്പെട്ട ഇത്തിക്കരയാറ് തന്നെ.

**ആലിയ ഫാത്തിമ,** പുത്തൻ വിള വീട്, ഏറം, തടിക്കാട് പി ഒ, അഞ്ചൽ, കൊല്ലം.

# ഞങ്ങളെത്തേടിവന്ന കരിയിലക്കിളികൾ

**ബ**ഹളം കേട്ടാണ് മുറ്റത്തേക്കിറങ്ങിയത്. അപ്പോഴതാ ഒരു കരിയിലക്കിളി ഞങ്ങളുടെ മീൻകുളത്തിനുചുറ്റും കരഞ്ഞുകൊണ്ട് പറക്കുന്നു. ഞാൻ വേഗം അങ്ങോട്ട് ചെന്നു. കുളത്തിലതാ ഒരു കരിയിലക്കിളിക്കുഞ്ഞ് കിടന്ന് വെപ്രാളപ്പെട്ട് ചിറകിട്ടടിക്കുന്നു. ഞാൻ അമ്മയെ വിളിച്ചു. അമ്മ കോരിയെടുത്ത് ചേച്ചിയുടെ കയ്യിൽ കൊടുത്തു. ചേച്ചി എന്റെ കയ്യിൽ തന്നു. ഞാനതിനെ സിറ്റൗട്ടിൽ കൊണ്ടിരുത്തി. തുണികൊണ്ട് പുതപ്പിച്ചു. അപ്പോൾ അമ്മക്കിളി കുഞ്ഞിക്കിളിയെ നോക്കി കരഞ്ഞു. കുഞ്ഞിക്കിളിയും ഒന്ന് മെല്ലെ കരഞ്ഞു. ഞാൻ പുറത്തുപോയി



തിരികെ വന്നപ്പോൾ അതവിടെയില്ല. അമ്മ പറഞ്ഞു : അവർ രണ്ടും പറന്നുപോയെന്ന്. എനിക്ക് സന്തോഷമായി. പിന്നേയും ഒരു ദിവസം ഒരു കരിയിലക്കിളിക്കുഞ്ഞ് വന്നു. അത് അടുക്കളയിലേക്ക് പറന്നുകയറി. അമ്മക്കിളി വെളിയിലിരുന്ന് ചിറകടിച്ച് കരഞ്ഞു. ഞാൻ അതിനെ പുറത്തേക്കിറക്കി. അമ്മക്കിളിക്ക് സന്തോഷമായിട്ടുണ്ടാവും. അത് കരച്ചിൽ നിർത്തി. രണ്ടുപേരും പറന്നുപോയി.

**ദുർഗ എസ് ദിനേശ്,** 6 എ, എൻ.എസ്.എസ്. എം.ജി.എസ്.എസ്. കൊട്ടിയം, കൊല്ലം

# ഞാൻ നടത്തിയ പരീക്ഷണങ്ങൾ

**കോ**വിഡ് കാലത്ത് ഞാൻ ചില ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്തു. ഏതൊക്കെയെന്ന് പറയട്ടെ.

1. നാണയം നൂലിൽ കെട്ടിത്തൂക്കി കത്തുന്ന മെഴുകുതിരിയിൽ കാണിച്ച് നാണയം ചൂടായിട്ടുണ്ടോ?
2. പാത്രത്തിൽ വെള്ളം നിറച്ച് അതിലിട്ട നാണയം കൈ നനയാതെ എടുക്കാമോ?
3. പുഴുങ്ങിയ മുട്ടയും പുഴുങ്ങാത്ത മുട്ടയും തിരിച്ചറിയാമോ?
4. കടലാസും ഓടും വെച്ചുള്ള പരീക്ഷണം.
5. വെളിച്ചെണ്ണയും മണ്ണെണ്ണയും വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന പരീക്ഷണം.
6. കുപ്പിയിൽ കടലാസ് കത്തിച്ച് ബലൂണിനൊപ്പം കുപ്പി പൊക്കി നോക്കുന്ന പരീക്ഷണം.
7. കടലാസിൽ വെള്ളമൊഴിച്ച് കത്തുന്ന മെഴുകുതിരികൊണ്ട് തിളപ്പിച്ച് ചായയുണ്ടാക്കാമോ?
8. വെണ്ണീർ പുരട്ടി കൽക്കണ്ടം കത്തിക്കാമോ?

ഇവയൊക്കെ വിജയകരമായി ചെയ്തു. പുതിയ അറിവുകളും നേടാൻ സാധിച്ചു.

**സ്മൃതി കെ,** കുടുങ്ങലത്ത് ഹൗസ്, പെരുവല്ലൂർ പി.ഒ., കൊണ്ടോട്ടി, മലപ്പുറം വഴി –673638

പീക്കിരി.ഇൻ
കൊച്ചുകുട്ടികൾക്കുള്ള പേജുകളാണ്.
മുതിർന്നവർ ഇത് വായിച്ചുകൊടുക്കുമല്ലോ.

**കഥനേരം-2**
സുട്ടു പറയുന്ന കഥകൾ

# ചിൽ ചിലിന്റെ കഥ



**പാറു**

ചിത്രീകരണം: കെ.സതീഷ്

കഥ മെനയൽ സുട്ടുവിനു പതിയെ ഒരു ശീലമായി. പിറ്റേന്ന് അത്താഴം കഴിഞ്ഞ് കളിക്കുമ്പോ അവൾ പറഞ്ഞു തുടങ്ങി–

"അമ്മാ, ചിൽ ചിൽ എവടെ?"

അവളുടെ കളിപ്പാവയാണ്– അണ്ണാറക്കണ്ണൻ. അവനീ രാത്രി എവിടെ ഒളിച്ചിരിക്കുന്നുവെന്ന് ഒരു ഊഹവും ഇല്ലാത്തോണ്ട് അമ്മ ചുമ്മാ ഒരുത്തരം പറഞ്ഞു– "അവനെ കാണാനില്ല സുട്ടുമണീ."

"ചിൽചിൽ മാമുണ്ട് ഒറങ്ങാമ്പോയി."

നീളത്തിലൊരുത്തരം വന്നു.

"എന്ന്ട്ടോ?" കഥ നീണ്ടു പോകാൻ പാകത്തിനു അമ്മ ചോദിച്ചു.

" ചിൽ ചിൽ കാട്ടിലിക്ക് ഒറങ്ങാമ്പോയി. പാട്ട് കേട്ട് ഒറങ്ങും ചിൽ ചിൽ– കാട്ടില് ". വരികളങ്ങനെ വന്നുകൊണ്ടിരുന്നു.

"എന്ന്ട്ട്?"

"ചിൽ ചിൽ ഒറങ്ങീട്ട്... രാവിലെ എണീറ്റു. ന്നട്ട്.. ചിൽ ചിൽ മൂത്രൊഴിക്കാമ്പോയി.. ന്നട്ട് ചിൽ ചിൽ ഉമ്മറത്ത് പോയി. കസേരേൽ കേറിയിരുന്നു."

സുട്ടു പറഞ്ഞു നിർത്തി. ഒന്നുകൂടി ചോദിച്ചാൽ ചിൽ ചിൽ പാലുകുടിച്ച്, പൊരി കഴിച്ച്, ചിത്രം വരച്ച്, എണ്ണ തേച്ച് കുളിച്ച്– ഒക്കെ നടക്കണ കാര്യം അവൾ പറഞ്ഞേനെ!

കഥയൊക്കെ പിന്നെ.. സുട്ടൂനിപ്പോ ഉറക്കം വന്നു തുടങ്ങി; അമ്മ അവളേയും കൊണ്ട് മുറിയിലേക്ക് നടന്നു.




*




# മീശക്കോമൻ

ഗണേഷ് വേലാണ്ടി

ചിത്രീകരണം: രാജീവ് എൻ ടി



**കോ**മൻപൂച്ചയെ ആർക്കും പേടിയില്ല. പണ്ടെല്ലാം കോമന്റെ മീശ കണ്ടാൽ വിറച്ചോടിയവർ ഇന്ന് 'ഹായ്' എന്ന് പറഞ്ഞ് കോമന്റെ മുന്നിലൂടെ പോവുന്നു.



കോമന് ഉറക്കമില്ലാതായി. ആഹാരവും വേണ്ടാതായി. മെലിഞ്ഞപ്പോഴേക്കും മുഖവും ഒട്ടി. പഴയ പേടി പലരും മറന്നു.

കോമൻ കണ്ണാടിയിൽ നോക്കി. തന്റെ മീശ കാണാൻ പോലും ഇല്ല. അപ്പോൾ മീശയാണ് കാര്യം!!

കോമന്റെ സങ്കടം കണ്ട്
കുങ്കൻ കുറുക്കൻ അവന്റെ
തോളിൽ കയ്യിട്ടു.
അവനെ ബ്യൂട്ടിപാർലറിൽ
കൊണ്ടുപോയി.

അവിടെയൊരു
മറുനാടൻ കുറുക്കൻ
പലതരം മീശകൾ
കോമന്റെ മുന്നിൽ
നിരത്തി.

എലിമീശ, പുലിമീശ,
പശുമീശ, സിംഹമീശ,
കരടിമീശ, കുറുക്കൻമീശ






കോമന്
ഇഷ്ടമായത് കുറുക്കൻ
മീശയായിരുന്നു.
അത് ഫിറ്റ്
ചെയ്തപ്പോൾ
കോമനാകെ മാറി.
കുങ്കൻ
കുറുക്കൻപോലും
ഒന്നു പേടിച്ചു.
കുറുക്കൻ അവന്
പൊരിച്ച മീനും
കട്ടൻചായയും
വാങ്ങിക്കൊടുത്തു.



കോമൻ മീശ വിറപ്പിച്ച് കാട്ടിലെത്തി. മീശ കണ്ട് ആദ്യം ഓടിയത് റണ്ണൻ പുലിയാണ്. പുറകെ ടൈഗിക്കടുവയും. കൊമ്പൻമീശ വിറപ്പിച്ച് വാൽവിറപ്പിച്ച് കോമൻപൂച്ച നിന്നു.



കാടാകെ കിടുകിടെ വിറച്ചു. ജൂനിയൻ പാണ്ടൻ നായയും ജൂനിയർ മിട്ടു മുയലും ചത്തപോലെ പേടിച്ചു കണ്ണു തുറക്കാതെ കിടന്നു. കോമന്റെ നടത്തം കണ്ട് പുറകിൽ നിന്ന കുങ്കൻ കുറുക്കൻ പോലും ഓടിയൊളിച്ചു.

മരപ്പൊത്തിലിരുന്ന് മരച്ചീനിക്കഷണം
കടിച്ചുമുറിക്കുകയായിരുന്ന കുട്ടിമൗസൻ
ചുണ്ടെലിക്ക് ആളെ മനസ്സിലായി.

അത് കോമൻപൂച്ചയല്ലേ.
എന്റെ പിന്നാലെ എത്ര ഓടിയതാ...
ഡാ... നിന്നെ കാണിച്ചുതരാടാ... എന്ന്
പറഞ്ഞ് മൗസൻ മരപ്പൊത്തിൽനിന്ന്
കോമന്റെ മേലേയ്ക്ക് ഒറ്റച്ചാട്ടം. ഠിം!





കോമന്റെ മീശമേൽ വീണ
മൗസൻ മീശ കടിച്ചെടുത്തു.

"അയ്യോ..." കോമൻ അലറി.

അലറല് കേട്ട് കണ്ണുതുറന്ന
ജൂനിയർ പാണ്ടന് മുന്നിൽ
അതാ കോമൻപൂച്ച നിൽക്കുന്നു.

"ബ്രൂംംംം... ഈൗ" പാണ്ടൻ അലറി.

കോമൻ ജീവനുംകൊണ്ടോടി.

ഒളിച്ചുനിന്ന കുങ്കൻ കുറുക്കനും പുറകെക്കുതിച്ചു.

"എടാ... കോമാ... എന്റെ മീശയുടെ കാശ് താടാ...
എന്റെ പൊരിച്ച മീനിന്റെയും ചായയുടെയും കാശ് താടാ... "



പക്ഷേ, കോമൻപൂച്ചയെ
അവിടെയാരും പിന്നെ
കണ്ടിട്ടേയില്ല.

## ഓരോന്നോരോന്ന്



കൂട്ടുകാരേ,

നിങ്ങളുടെ വീടിനടുത്തെവിടെയെങ്കിലും ഒരു തേക്കാത്ത മതിൽ ഉണ്ടാവില്ലേ? വേനലിൽ അത് ഉണങ്ങിയും കറുത്തും തീരെ അനാകർഷകമായിരിക്കും. എന്നാൽ മഴക്കാലത്ത് അതിൽ എന്തെല്ലാം വൈവിധ്യങ്ങൾ ഉണ്ടാവുന്നു എന്ന് നോക്കൂ. അത് നമ്മെ അതിശയിപ്പിക്കും.

അതിൽ ഒരു കാര്യത്തെക്കുറിച്ചു മാത്രം ഇവിടെ പറയാം.

അഡിയാന്റം (Adiantum) എന്നൊരു പന്നൽ ഉണ്ട്. Walking fern അഥവാ നടക്കുന്ന പന്നൽ എന്നും പറയും . അത് ധാരാളമായി വളരുന്ന കാലമാണ് മഴക്കാലം.

പന്നലുകൾ പൂക്കാത്ത സസ്യങ്ങളാണെന്നറിയാമല്ലോ. പിന്നെ എങ്ങനെയാണവ വംശവർധന നടത്തുന്നത്? അവർക്ക് അവരുടേതായ വഴിയുണ്ട്.

നമ്മുടെ 'നടക്കുന്ന പന്നൽ' പലതരത്തിലാണത് ചെയ്യുന്നത്. പന്നൽച്ചെടിയുടെ കടയിൽ നിന്നും പുതിയ മുകുളങ്ങളുണ്ടാവും. അതിന്റെ ഇലത്തണ്ട് വളർന്ന് അറ്റത്തു നിന്നും പുതിയ തൈ ഉണ്ടാവും. അത് മണ്ണിൽത്തൊട്ട് പുതിയ ഒരു കൂട്ടമാവും. അവിടന്നുണ്ടാവുന്ന ഇലത്തണ്ടിലൂടെ ഇത് തുടരും; പടരും. നമ്മൾ ഓരോ ചുവടുവെച്ച് നടക്കുന്ന പോലെ പന്നൽ വളർന്ന് നടക്കുന്നതായി തോന്നും. അതിനാലാണ് നടക്കുന്ന പന്നൽ എന്ന പേരു വന്നത്.

പ്രായമെത്തിയ ഇലയറ്റത്ത് കൂട്ടം കൂട്ടമായി കുഞ്ഞു വിത്തുകൾ കണ്ടില്ലേ. സ്പോർസ് (Spores) എന്നു പറയും. അത് പാകമായി മണ്ണിൽപ്പതിച്ച് മുളച്ചും തൈയുണ്ടാവും.

പൂക്കളും കായും ഉണ്ടാവുന്നില്ലെങ്കിലും ഇങ്ങനെ വംശവർധനവു നടത്തുന്ന ചങ്ങാതിയെ ഒന്നു കാണാൻ തോന്നുന്നില്ലേ?





Volume 42 No. 10 Eureka 2020 October 16, 44 Pages
Printed and Published by Meerabai T.K, Parishad Bhavan, Chalappuram, Calicut -2. on behalf of Kerala Sasthra Sahithya Parishad
Printed at : Geethanjali Web Offset, Kundaythode, Kolathara P.O, Calicut.
and Published at Parishad Bhavan, Chalappuram, Calicut-673002. Editor : C.M.Muraleedharan. Approved by CSIR for Financial Support.





അഭിവാദനം ചെയ്യാം
നവമുകുളങ്ങളെ
അവയിൽ ഹരിതകം
നിറഞ്ഞ് വരുംകാലം
കനമേറിയ കവിതാ
രചന നടന്നേക്കാം.







ഇലത്തണ്ടിനന്നറ്റത്തു നി-
ന്നുയിർക്കുന്നു പുതു തൈകൾ
നടക്കുന്ന പന്നലിന്ന്
കടയ്ക്കൽ നിന്നും.

---

ചിത്രവും വരിയും :
വിശ്വൻ – 9207 008 943

Date of Publication : 09/10/2020 EUREKA Price : ₹ 17.00
ISSN : 0972-2122 Science Fortnightly For Children Registered No: KL/CT/46/2018-20
License to post without prepayment of postage No: KL/PMG/NR/WPP/7/KKD/2018-20
Registered with the Newspaper Registrar of India under No:29524/78

